I.ഇ.ബി. XII കേരള നിയമസഭ/VIII-14

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 14, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് നടത്തിവരുന്ന നിരാഹാര സത്യാഗ്രഹം

മി. സ്പീക്കർ :സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലെ ഗുരുതരമായ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാന യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് നടത്തിവരുന്ന നിരാഹാര സത്യാഗ്രഹം ആറാം ദിവസത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ ജീവൻ അപകടാവസ്ഥയിൽ തുടരുകയാണ്. ഇതേത്തുടർന്ന് ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ഡി. സതീശൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ.ബേബി) :ഏഴാം തരത്തിന്റെ സാമൂഹ്യപാഠപുസ്തകത്തിൽ ജീവന്റെ കഥയെക്കുറിച്ചുള്ള പാഠഭാഗമാണ് തർക്കത്തിന് ആധാരമായിട്ടുള്ളത്. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്തതാണ്. ഈ പാഠപുസ്തകം പിൻവലിക്കേണ്ട തരത്തിലുള്ള യാതൊരു അപകടാവസ്ഥയും ഇല്ലെന്ന രീതിയിലാണ് ചർച്ചയിലൂടെ പൊതുസമൂഹം എത്തിയിട്ടുള്ളത്. യു.ഡി.എഫ്-ലെ പ്രമുഖ നേതാക്കളായ ശ്രീമതി കെ.ആർ.ഗൗരിയമ്മയും ശ്രീ.എം.വി. രാഘവനും ഈ പാഠപുസ്തകം പിൻവലിക്കേണ്ട യാതൊരു കാര്യവുമില്ലെന്ന് പറഞ്ഞിട്ടുണ്ട്. ഈ പാഠപുസ്തകത്തിൽ യാതൊരു കുഴപ്പവുമില്ലെന്ന് ശ്രീ.എം.ടി. വാസുദേവൻ നായർ, പ്രൊഫ. ഒ.എൻ.വി. കുറുപ്പ് തുടങ്ങിയ സാംസ്ക്കാരിക നായകൻമാരും ചില വൈദികരും അഭിപ്രായപ്പെട്ടിട്ടുണ്ട്. സമൂഹത്തിലെ ഒരു വിഭാഗം ആളുകൾ ഈ പുസ്തകത്തെക്കുറിച്ച് പരാതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അത് പരിശോധിക്കാനായി ലോകപ്രശസ്ത ചരിത്രകാരനായ ശ്രീ.കെ.എൻ. പണിക്കർ അധ്യക്ഷനായും മറ്റ് പ്രഗത്ഭരായ വ്യക്തികൾ അംഗങ്ങളായും ഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയുടെ മുമ്പിൽ പരാതി സമർപ്പിക്കാവുന്നതാണ്. അകന്നുനിൽക്കുന്ന എൻ.എസ്.എസ്., ഇന്റർ ചർച്ച് കൗൺസിൽ എന്നിവ ഒഴിച്ച് പരാതിയുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാ സംഘടനാ പ്രതിനിധികളേയും കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്നും നാളെയുമായി നടക്കുന്ന കമ്മിറ്റിയുടെ യോഗ നിർദ്ദേശങ്ങളിൻമേൽ ആവശ്യമായ തീരുമാനം കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. വി.ഡി. സതീശൻ : ഏഴാം ക്ളാസ്സിലെ സാമൂഹ്യപാഠപുസ്തകം പിൻവലിക്കണമെന്നും കേരളാ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനം റദ്ദാക്കി

പി.എസ്.സി.ക്ക് വിടണമെന്നും അപ്രഖ്യാപിത നിയമന നിരോധനം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ.ടി. സിദ്ദിഖ് നടത്തിവരുന്ന നിരാഹാര സമരം ആറാം ദിവസത്തിലേയ്ക്ക് കടക്കുകയാണ്. ഏഴാം തരത്തിലെ സാമൂഹ്യ പാഠപുസ്തകം അപൂർണവും അവ്യക്തവും ആശയക്കുഴപ്പം സൃഷ്ടിക്കുന്നതും നിലവാരമില്ലാത്തതും ചരിത്രത്തെ വളച്ചൊടിക്കുന്നതുമാണ്. യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനത്തിൽ അഴിമതിയും സ്വജനപക്ഷപാതവും കാണിച്ചിരിക്കുകയാണ്. ഇത്തരം പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഉയർത്തിക്കാണിച്ചുകൊണ്ട് നിരാഹാര സമരം നടത്തിവരുന്ന ശ്രീ.സിദ്ദിഖിനെ ഒരു ഡോക്ടറെക്കൊണ്ട് പരിശോധിപ്പിക്കാൻപോലും ഇതുവരെ ഗവൺമെന്റ് തയ്യാറായിട്ടില്ല. ആവശ്യങ്ങൾ അംഗീകരിച്ച് ശ്രീ.സിദ്ദിഖ് നടത്തുന്ന നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇക്കാര്യം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ.ബേബി): കഴിഞ്ഞ ആറുദിവസമായി സെക്രട്ടേറിയറ്റ് നടയിൽ നിരാഹാര സത്യാഗ്രഹം നടത്തിക്കൊണ്ടിരിക്കുന്ന യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീ.ടി. സിദ്ദിഖിന് ഗവൺമെന്റ് ഇന്നുതന്നെ വൈദ്യസഹായം ഏർപ്പെടുത്തുന്നതാണ്. കേരളാ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട കേസ് ലോകായുക്തയുടെ പരിഗണനയിലായതിനാൽ അതിന്റെ മെറിറ്റിലേയ്ക്ക് കടന്ന് ചർച്ച ചെയ്യുന്നത് ഉചിതമാണെന്ന് കരുതുന്നില്ല. അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപാകതയുള്ളതായി തെളിയിക്കപ്പെടുകയാണെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. യൂത്ത്

കോൺഗ്രസ്സ് സമരത്തോട് നിഷേധാത്മക നിലപാട് സ്വീകരിച്ചിട്ടില്ല. പാഠപുസ്തക വിവാദവുമായി ബന്ധപ്പെട്ട വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്തതാണ്. പാഠപുസ്തകത്തെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളോ അപാകതകളോ ഉണ്ടെങ്കിൽ ചർച്ച ചെയ്യാമെന്ന് നേരത്തേതന്നെ വ്യക്തമാക്കപ്പെട്ടിരുന്നതാണ്. ഇതു സംബന്ധിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കെ.പി.സി.സി.-യും ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. എൻ.സി.ഇ.ആർ.ടി. പാഠ്യപദ്ധതിയുമായി താരതമ്യപ്പെടുത്തിനോക്കിയാൽ പ്രതിപക്ഷം പറയുന്നതുപോലുള്ള അപാകത ഈ പുസ്തകത്തിൽ കാണുന്നില്ല. ഈ പ്രശ്നത്തിന്റെ പേരിൽ പുസ്തകങ്ങൾ വലിച്ചു കീറുകയും കത്തിക്കുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(അടിയന്തിരപ്രമേയം ചർച്ച ചെയ്യേണ്ടതില്ലെന്ന ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ജി.കാർത്തികേയൻ, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പ സമയത്തിനുള്ളിൽ മടങ്ങിവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) വാർഷിക റിപ്പോർട്ടുകളുടെ അച്ചടി

ശ്രീ. കെ. ബി. ഗണേഷ്കുമാർ: പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, ക്ഷേമനിധി ബോർഡുകൾ മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ

എന്നിവയുടെ വാർഷിക റിപ്പോർട്ടുകൾ അച്ചടിക്കുന്നതിലുണ്ടാകുന്ന ചെലവ് കുറച്ച് സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾക്കും സമൂഹത്തിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള പണം കണ്ടെത്തണം. ഒരു കോപ്പിക്ക് ശരാശരി മൂന്നൂറ്-നാന്നൂറ് രൂപയാണ് ഈ സ്ഥാപനങ്ങൾ വാർഷിക റിപ്പോർട്ടുകളും മറ്റും പ്രിന്റ് ചെയ്യാൻ ചെലവാക്കുന്നത്. അനാവശ്യമായ ധൂർത്ത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കണം. ചെലവ് ചുരുക്കലിന്റെ ഭാഗമായി, പ്രിന്റ് ചെയ്യുന്നതിന് പകരം പ്രസ്തുത റിപ്പോർട്ടുകൾ സി.ഡി.യിലാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. എം.എൽ.എ.മാർക്ക് ലാപ്ടോപ് കമ്പ്യൂട്ടറുകൾ നൽകുകയും സോഫ്റ്റ്‌വെയർ നിശ്ചയിച്ച് നിയമസഭാ നടപടികളുടെ സംഗ്രഹം ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുകയും അവ സി.ഡി.യിലാക്കി ലൈബ്രറിയിൽ സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, ക്ഷേമനിധി ബോർഡുകൾ മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി ഓരോ സ്ഥാപനത്തിന്റെയും നിലവാരത്തിനനുസരിച്ച് അതാത് ഭരണ സമിതിയുടെ തീരുമാനപ്രകാരമാണ് വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്. അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കി അവ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുന്നതാണ്. റിപ്പോർട്ടുകളും മറ്റും സി.ഡി. യിലാക്കുന്നതിന് ചെലവ് കൂടുമോ കുറയുമോ എന്നത് സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) ഓൺലൈൻ ലോട്ടറികൾ

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: പേപ്പർ ലോട്ടറികൾ നിരോധിക്കാനും ഓൺലൈൻ ലോട്ടറികൾ അനുവദിക്കാനുമുള്ള ലോട്ടറി റെഗുലേഷൻ നിയമ ഭേദഗതിക്ക് കേന്ദ്ര സർക്കാർ നീക്കം നടത്തുന്നതിലൂടെ സംസ്ഥാനത്ത് ഈ മേഖലയിൽ ഉപജീവനം നടത്തുന്ന ഏതാണ്ട് മൂന്ന് ലക്ഷത്തോളം വരുന്ന ആളുകൾ പ്രതിസന്ധിയിലാകും. 1999-ൽ ലോട്ടറി നിരോധനം ഏർപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തു നിന്നു നീക്കമുണ്ടായെങ്കിലും 2001-ൽ പാർലമെന്ററി കമ്മിറ്റി ലോട്ടറി നിരോധനം പാടില്ലെന്ന നിലപാട് സ്വീകരിച്ചു. ലോട്ടറി ടിക്കറ്റ് ഇരട്ടിപ്പിച്ചുള്ള വിൽപ്പന, അനധികൃത ലോട്ടറി വിൽപ്പന തുടങ്ങി ഈ രംഗത്തെ ദുഷ്പ്രവണതകൾ നിറുത്തലാക്കണമെന്ന് പാർലമെന്ററി കമ്മിറ്റി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ നിയമത്തിൽ ഭേദഗതി കൊണ്ടുവന്ന് കേന്ദ്ര സർക്കാർ ഓൺലൈൻ ലോട്ടറി നിയമവിധേയമാക്കാൻ ശ്രമിക്കുകയാണ്. ഇതുമൂലം സംസ്ഥാന ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകുന്നതോടൊപ്പം ലോട്ടറി ടിക്കറ്റ് വിൽപ്പനയിലൂടെ വരുമാനം കണ്ടെത്തിയിരുന്ന സംസ്ഥാനത്തെ സാധാരണക്കാരായ ആളുകളുടെ ജീവിതം ദുരിതത്തിലാകും. ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ലോട്ടറിയിൽ ചൂതാട്ട ലാഞ്ചനയുള്ളതുകൊണ്ടാണ് കേന്ദ്ര സർക്കാർ നിയമം കൊണ്ടുവന്ന് സർക്കാരുകൾക്ക് മാത്രം ലോട്ടറി നടത്താനുള്ള അവകാശം നൽകിയത്. കേന്ദ്ര ലോട്ടറി നിയമത്തിന്റെ നിർവ്വചനത്തിൽ ഓൺലൈൻ ലോട്ടറി വരില്ലെങ്കിലും കേന്ദ്ര സർക്കാർ അതിന് വിരുദ്ധമായ നിലപാട്

സ്വീകരിക്കുന്നതിനുള്ള സാധ്യതയാണ് കാണുന്നത്. ലോട്ടറിയുടെ നിർവ്വചനത്തിൽ ഓൺ ലൈൻ ലോട്ടറി വരുമെന്നാണ് അറ്റോർണി ജനറൽ അഭിപ്രായപ്പെടുന്നത്. സംസ്ഥാനം ഓൺലൈൻ ലോട്ടറി നിരോധിച്ചതുമായി ബന്ധപ്പെട്ട കേസ് സുപ്രീം കോടതിയുടെ പരിഗണനയിലുണ്ട്. കേന്ദ്ര സർക്കാരിന്റെ നിലപാട് ഈ കേസിനെ സ്വാധീനിക്കും. ലോട്ടറിയുടെ നിർവ്വചനത്തിൽ ഓൺലൈൻ ലോട്ടറി വരുമെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞാൽ സംസ്ഥാനത്ത് പേപ്പർ ലോട്ടറി നിരോധിക്കേണ്ടി വരും. അതിനെതിരായി സംസ്ഥാന സർക്കാർ ശക്തമായ നിലപാട് എടുത്തിരിക്കുകയാണ്. സംസ്ഥാന നിയമങ്ങളെ കേന്ദ്ര സർക്കാർ പിന്തുണയ്ക്കണമെന്നും ഓൺലൈൻ ലോട്ടറി നിരോധിച്ചുകൊണ്ട് ആവശ്യമുള്ള ഭേദഗതി നിയമത്തിൽ വരുത്തണമെന്നും ലോട്ടറി നിയമത്തിലെ സെക്ഷൻ നാല് ലംഘിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരം നൽകണമെന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. 11-06-2008-ൽ ഡൽഹിയിൽ വച്ചു ചേർന്ന യോഗത്തിൽ ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. 18-08-2008-ന് ലോട്ടറി സംബന്ധമായ എല്ലാ കേസുകളും സുപ്രീം കോടതിയിൽ അന്തിമ വിചാരണയ്ക്ക് വരുന്ന അവസരത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 05-07-2008-ന് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയിൽ സംസ്ഥാന ഗവൺമെന്റിനുവേണ്ടി വാദിക്കാൻ സീനിയർ അഡ്വക്കേറ്റ്സിനെ നിയോഗിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സബ്മിഷൻ**

(1) കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ്സ് നേതൃത്വം നൽകുന്ന സമരം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: വികലാംഗ നിയമനങ്ങളിൽ അനുവദിക്കപ്പെട്ട മൂന്ന് ശതമാനം സംവരണത്തിലെ നിഷ്ക്കർഷിക്കപ്പെട്ട ഒരു ശതമാനം സംവരണം അന്ധർക്ക് ലഭ്യമാക്കുന്നതിനും അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വികലാംഗർക്ക് ക്ലാസ് 3-ഉം 4-ഉം തസ്തികകളിൽ മൂന്ന് ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് അനുയോജ്യമായ അൻപത്തിയൊന്ന് തസ്തികകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ക്ലാസ് 1-ഉം 2-ഉം വിഭാഗത്തിലെ 20 തസ്തികകളിൽ വികലാംഗർക്ക് അനുയോജ്യമായത് കണ്ടെത്താനും പി.എസ്.സി. വഴി നിയമനങ്ങൾ നടത്താനും നടപടി സ്വീകരിച്ചുവരുന്നു. വികലാംഗ പെൻഷൻ 160 രൂപയിൽ നിന്ന് 200 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് വീണ്ടും വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. വികലാംഗർക്കും കാഴ്ച ഇല്ലാത്തവർക്കും ഒന്നാം ക്ലാസ് മുതൽ ബിരുദാനന്തര ബിരുദം വരെ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ട്. വികലാംഗരുടെ ക്ഷേമത്തിനായി സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനും പ്രത്യേക കമ്മീഷനും പ്രവർത്തിക്കുന്നുണ്ട്. ഇവർക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഇ.എം.എസ്. ഭവന പദ്ധതിയിൽ മൂന്ന് ശതമാനവും ഹൗസിംഗ് ബോർഡിന്റെ ഭവന പദ്ധതിയിൽ ഒരു

ശതമാനവും ശാരീരിക മാനസിക വൈകല്യമുള്ളവർക്കായി മാറ്റിവയ്ക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾക്ക് സർക്കാർ ഊന്നൽ നൽകുന്നതാണ്. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് നേതൃത്വം നൽകുന്ന സമരം ആരോഗ്യവകുപ്പു മന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പിൻവലിച്ച കാര്യം അറിയിക്കുന്നു.

(2) <u>കാഷ്വൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. ജോസ് തെറ്റയിൽ</u>: നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിനുവേണ്ടി സ്ഥലം ഏറ്റെടുത്തപ്പോൾ വീടും സ്ഥലവും നഷ്ടപ്പെട്ടവരിൽ കുറച്ച് പേർക്ക് നേരിട്ടും കുറച്ച് പേർക്ക് എയർ ഇൻഡ്യ മുഖാന്തിരവും ജോലി നൽകിയതിൽ എയർ ഇൻഡ്യ മുഖാന്തിരം ജോലി കിട്ടിയവരെ ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടില്ല. ഇവർക്ക് മറ്റുള്ള ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കാൻ വേണ്ടി കാഷ്വൽ വർക്കേഴ്സിന്റെ ഒരു സബ്സിഡിയറി ഓർഗനൈസേഷൻ ഉണ്ടാക്കി അതിന്റെ കീഴിൽ വർക്ക് ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് മുദ്രപ്പത്രത്തിൽ നിർബന്ധിച്ച് ഒപ്പിട്ടുവാങ്ങുകയാണ്. മുഖ്യമന്ത്രി അടിയന്തിരമായി ഇടപെട്ട് പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>): കൊച്ചി വിമാനത്താവളത്തിൽ 2009 ജൂൺ മാസം വരെ 10 വർഷത്തേയ്ക്ക് ഗ്രൗണ്ട് ഹാൻഡ്ലിംഗ് എജൻസിയായി പ്രവർത്തിക്കാനുള്ള അനുമതി എയർ ഇൻഡ്യയ്ക്കാണ് നൽകിയിട്ടുള്ളത്. 2003-ൽ എയർ ഇൻഡ്യയുടെ ഉപസ്ഥാപനമായ എയർ ഇൻഡ്യാ ചാർട്ടേഴ്സ് ലിമിറ്റഡ്, കൊച്ചി വിമാനത്താവളത്തിലെ ഗ്രൗണ്ട് ഹാന്റ്ലിംഗ് സംബന്ധിച്ച പ്രവൃത്തികളുടെ ചുമതല ഏറ്റെടുത്തു. എയർ

ഇൻഡ്യ ചാർട്ടേഴ്സുമായിച്ചേർന്ന് എയർ ഇൻഡ്യ 160 കാഷ്വൽ തൊഴിലാളികളെ നിയമിച്ചു. ഇതിൽ എയർ ഇൻഡ്യ ചാർട്ടേഴ്സ് ലിമിറ്റഡിൽ ചേർന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ലഭിക്കുന്നു. എയർ ഇൻഡ്യയിലെ ചില തൊഴിൽത്തർക്കങ്ങൾ കേന്ദ്ര ലേബർ ട്രൈബ്യൂണലിന്റെ പരിഗണനയിലുണ്ട്. കാഷ്വൽ തൊഴിലാളികളുടെ തർക്കങ്ങൾ വേഗത്തിൽ തീർക്കണമെന്ന് കൊച്ചി വിമാനത്താവള അധികൃതർ എയർ ഇൻഡ്യ മാനേജുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

(3) ക്രീമിലെയർ പരിധി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സംസ്ഥാനത്ത് നിശ്ചയിച്ചിട്ടുള്ള ക്രീമിലെയർ വരുമാനപരിധി 15 ലക്ഷം രൂപയായി ഉയർത്തണമെന്ന പ്രൊപ്പോസൽ സംസ്ഥാന സർക്കാർ ജസ്റ്റീസ് രാജേന്ദ്രബാബു കമ്മീഷൻ മുമ്പാകെ സമർപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ ക്രീമിലെയർ നിർണ്ണയിക്കാനുള്ള വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയായി നിജപ്പെടുത്തിയിരുന്നതും അത് സർക്കാർ അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഇതിനെതിരെ സുപ്രീം കോടതിയിൽ എൻ.എസ്.എസ്. റിട്ട് ഹർജി ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള വരുമാനപരിധി അസ്ഥിരപ്പെടുത്തുകയുണ്ടായി. തുടർന്ന് സംസ്ഥാന ഗവൺമെന്റ് ജസ്റ്റീസ് രാജേന്ദ്രബാബു കമ്മീഷനെ നിയമിക്കുകയും പ്രസ്തുത കമ്മീഷൻ പൊതുജനങ്ങളിൽ നിന്നും പ്രസ്ഥാനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ സ്വീകരിച്ചുതുട

ങ്ങുകയും ചെയ്തിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം അത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതായിരിക്കും.

(4) പുരോഗമന കലാസാഹിത്യസംഘം പ്രവർത്തകർക്കു നേരെയുണ്ടായ മർദ്ദനം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സെക്രട്ടേറിയറ്റിനുമുന്നിൽ ജൂൺ 12-ന് പുരോഗമന കലാസാഹിത്യ സംഘം വനിതാ യൂണിറ്റ് പ്രവർത്തകർ 7-ാം ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകം പിൻവലിക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമരത്തിന് ഉപയോഗിച്ചിരുന്ന ബോർഡുകളും ബാനറുകളും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ നശിപ്പിക്കുകയും ഇതേക്കുറിച്ച് യൂത്ത് കോൺഗ്രസ്സ് നേതാവ് സിദ്ദിഖിനോട് പരാതി പറയാൻ ചെന്ന കെ.ആർ മായ, വിജില എന്നീ പെൺകുട്ടികളെ ആക്ഷേപിക്കുകയും മർദ്ദിക്കുകയും ചെയ്യുകയുണ്ടായി. ഈ സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പുരോഗമന കലാ സാഹിത്യ സംഘം പ്രവർത്തകർ 8-7-08 മുതൽ 12-7-08 വരെ 7-ാം ക്ലാസിലെ പാഠപുസ്തകം പിൻവലിക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമരത്തോടനുബന്ധിച്ച് അവിടെ സ്ഥാപിച്ചിരുന്ന ബോർഡുകളും ബാനറുകളും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ നശിപ്പിച്ചതായി പരാതിയുണ്ടായിട്ടുണ്ട്. തുടർന്ന് പുരോഗമന കലാ സാഹിത്യ സംഘം പ്രവർത്തകരായ കെ.ആർ.മായ, വിജില എന്നിവരും യൂത്ത് കോൺഗ്രസ് പ്രവർത്തകരും തമ്മിൽ വാക്കേറ്റമുണ്ടാവുകയും ഉടൻതന്നെ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുദ്യോഗസ്ഥർ സ്ഥലത്തെത്തി ഇരുവിഭാഗങ്ങളേയും പിന്തിരിപ്പിക്കുകയുമുണ്ടായി. ബോർഡുകളും ബാനറുകളും നശി

പ്പിച്ചതിന് കന്റോൺമെന്റ് പോലിസ് സ്റ്റേഷനിൽ കണ്ടാലറിയാവുന്ന 50 പേർക്കെതിരെ ഇൻഡ്യൻ ശിക്ഷാ നിയമവും കേരള പോലീസ് ആക്ടും പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്.

(5) <u>വയർലെസ് സംവിധാനം ദുരുപയോഗപ്പെടുത്തൽ</u>

<u>ശ്രീ.കെ.സി. ജോസഫ്</u>: പോലീസ് അസോസിയേഷനിലേയ്ക്കുള്ള ഇലക്ഷൻ നടക്കാൻ പോകുന്ന അവസരത്തിൽ സി.പി.എം. പാനലിലുള്ള സ്ഥാനാർത്ഥികൾക്ക് വോട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ആലപ്പുഴ വയർലെസ് സ്റ്റേഷനിൽനിന്ന് സിഗ്നൽ മറ്റൊരു സ്റ്റേഷനിലേയ്ക്ക് തിരിച്ച് വച്ച് മെസേജ് അയച്ചിരിക്കുകയാണ്. പോലീസിനെ രാഷ്ട്രീയവൽക്കരിക്കുന്ന പ്രസ്തുത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): ആലപ്പുഴ ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന കെ.സി. അലക്സാണ്ടർ എന്ന പോലീസുകാരൻ അയാളുടെ പേര് സ്വയം ഉൾപ്പെടുത്തി ഒരു പാനൽ തയ്യാറാക്കി ആ പാനലിന് വോട്ട് ചെയ്യണമെന്ന് പറഞ്ഞാണ് മെസേജ് അയച്ചിരിക്കുന്നതെന്ന് ടെലി കമ്മ്യൂണിക്കേഷൻ ഡിവൈ.എസ്.പി.-യുടെ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതിനെത്തുടർന്ന് അയാളെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം പോലീസ് അസോസിയേഷനാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. കേരളത്തിലെ പോലീസ് സേന രാഷ്ട്രീയത്തിനതീതമായാണ് പ്രവർത്തിക്കുന്നത്.

(6) <u>നെടുമങ്ങാട് റവന്യൂ ടവർ</u>

<u>ശ്രീമതി ജെ. അരുന്ധതി</u>: നെടുമങ്ങാട് റവന്യൂ ടവറിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.ബിനോയ് വിശ്വം): നെടുമങ്ങാട് റവന്യൂ ടവറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇവിടെ ലിഫ്റ്റ് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റവന്യൂ ടവർ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) സി.പി.ഐ., സി.പി.ഐ.(എം.) സംഘർഷം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അടൂർ നിയോജക മണ്ഡലത്തിൽ നടക്കുന്ന സി.പി.ഐ., സി.പി.ഐ.(എം) സംഘർഷത്തിൽ സി.പി.ഐ. പ്രവർത്തകൻ വിജയനെ മാരകമായി വെട്ടി പരിക്കേൽപ്പിച്ച സംഭവത്തിന് ഉത്തരവാദികളായ പ്രതികളെ അറസ്റ്റുചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): അടൂരിൽ സി.പി.ഐ. പ്രവർത്തകൻ വിജയന് മർദ്ദനമേറ്റതു സംബന്ധിച്ച് ഇൻഡ്യൻ ശിക്ഷാനിയമമനുസരിച്ച് അടൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ പ്രതികളെ പിടികൂടുന്നതിനാവശ്യമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(8) സന്തോഷിന്റെ കൊലപാതകം

ശ്രീ. വർക്കല കഹാർ: തിരുവനന്തപുരത്ത് മരുതൻകുഴിയിൽ പണയിൽ വീട്ടിൽ കോൺഗ്രസ് പ്രവർത്തകനായ സന്തോഷ്കുമാറിനെ സി.പി.ഐ.(എം) അനുഭാവികളായ ഗുണ്ടകൾ ആളുമാറി കൊലപ്പെടുത്തുകയുണ്ടായി. യഥാർത്ഥപ്രതികളെ അറസ്റ്റ് ചെയ്യാനും

മരണപ്പെട്ടയാളുടെ കുടുംബത്തിന് സാമ്പത്തികസഹായം അനുവദിക്കാനും നടപടിയുണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): സന്തോഷ് മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് ഇൻഡ്യൻ ശിക്ഷാനിയമത്തിലെയും ആയുധനിയമത്തിലെയും വകുപ്പുകൾ പ്രകാരം പൂജപ്പുര പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും രണ്ട് പ്രതികളെ അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുകയും ചെയ്തിരിക്കുകയാണ്. പ്രതികൾക്ക് സി.പി.ഐ.(എം.)-മായി യാതൊരു ബന്ധവുമില്ല. മറ്റു രണ്ടു പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഗുണ്ടാ മാഫിയാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ നിയന്ത്രിക്കുന്നതിന് സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംവിധാനം ഉണ്ടാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്..

(9) വയൽ നികത്തൽ

ശ്രീ. എം.എ. വാഹിദ്: കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ ശ്രീകാര്യം ഗ്രാമപഞ്ചായത്തിലെ ഗാന്ധിപുരം-പൊന്മാനി-പാങ്ങപ്പാറ ഏലായിൽ ഏകദേശം 500 ഏക്കറോളം വരുന്ന നെൽവയൽ ഗൂഢസംഘങ്ങൾ അനധികൃതമായി നികത്തിക്കൊണ്ടിരിക്കുന്നത് നിരോധിക്കാൻ അടിയന്തിര നടപടിയുണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഗവൺമെന്റിൽ നിന്ന് ആർ.ഡി.ഒ.-യോ കളക്ടറോ നിലം നികത്തുന്നതിനായി ഉത്തരവുകളൊന്നും കൊടുത്തിട്ടില്ല. ചില കേന്ദ്രങ്ങളിൽ നിന്ന് പല പേരുകളിൽ ഉയർന്ന വിലയ്ക്ക് നിലം വാങ്ങി നികത്തുന്നതിനുള്ള ശ്രമം നടക്കുന്നതായി

ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ചില കേസ്സുകളിൽ ഗവൺമെന്റ് നേരിട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലാന്റ് റവന്യൂ കമ്മീഷണറുടെ മേൽനോട്ടത്തിലുള്ള പ്രത്യേക ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട മേഖലകളിൽ കൂടുതൽ ജാഗ്രത ഉണ്ടാകണമെന്ന് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) സെക്യൂരിറ്റി ജീവനക്കാരെ നൽകിവരുന്ന ഏജൻസികളുടെ പ്രവർത്തനം.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: കൃത്യമായ സേവന വേതന വ്യവസ്ഥകൾ പാലിക്കാതെ വിവിധ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി ജീവനക്കാരെ നൽകി വരുന്ന ഏജൻസികൾ, ജീവനക്കാരെ സാമ്പത്തികമായി ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരം ഏജൻസികളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനും ജീവനക്കാരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സെക്യൂരിറ്റി ജീവനക്കാർ ഉൾപ്പെടെയുള്ള വിവിധ വിഭാഗം തൊഴിലാളികളെ തൊഴിൽദായകർക്ക് നൽകുന്ന ഏജൻസികളെക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ഏജൻസികളിൽ ഒരു വിഭാഗം 1966-ലെ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം തൊഴിൽ വകുപ്പിൽനിന്നും രജിസ്ട്രേഷൻ നേടിയിട്ടുള്ളവരും വിവിധ വ്യവസായ സ്ഥാപനങ്ങൾക്ക് സെക്യൂരിറ്റി ജീവനക്കാരെ നൽകുന്നവരുമാണ്. 1970-ലെ കരാർ തൊഴിലാളി നിയമപ്രകാരം ലൈസൻസ് ലഭ്യമായിട്ടുള്ള

സ്ഥാപനങ്ങളിൽ അവരുടെ തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള പരിരക്ഷയും പ്രോവിഡന്റ് ഫണ്ട്-ഇ.എസ്.ഐ. ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. 2005 ലെ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് റെഗുലേഷൻ ആക്ട് അനുസരിച്ച് സ്വകാര്യമേഖലയിലെ സെക്യൂരിറ്റി ഏജൻസികളുടെ ലൈസൻസിംഗ് തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന ആഭ്യന്തര വകുപ്പ് ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ കൺട്രോളിംഗ് അതോറിറ്റിയായി ആഭ്യന്തര വകുപ്പിലെ ജോയിന്റ് സെക്രട്ടറിയെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും 21-08-07-ലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആഭ്യന്തര വകുപ്പ് തയ്യാറാക്കുന്ന ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതോടെ ഇത്തരം ഏജൻസികളുടെ പ്രവർത്തനം പൂർണ്ണമായും നിയന്ത്രിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(11) <u>സുനാമി ബാധിത പ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുന:രധിവാസം</u>

<u>ശ്രീ. ജോർജ് മെഴ്സിയർ</u>: രൂക്ഷമായ കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട് 15 മാസക്കാലമായി പള്ളിവക താൽക്കാലിക ഷെഡ്ഡുകളിൽ കഴിയുന്ന വിഴിഞ്ഞം പൂവാർ നിവാസികളായ 45 കുടുംബങ്ങളെ പുന:രധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>):കോവളം നിയോജകമണ്ഡലത്തിൽ പൂവാർ പഞ്ചായത്തിൽ കരിങ്കുളം വില്ലേജിൽ 14-ഉം, തിരുപുറം വില്ലേജിൽ 23-ഉം കുടുംബങ്ങളാണ് താൽക്കാലിക ക്യാമ്പിൽ കഴിയുന്നത്. ഈ കുടുംബങ്ങളെ സുനാമി പുന:രധിവാസ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി പുന:രധിവസിപ്പിക്കുന്നതിന്

സ്ഥലം കണ്ടെത്തി പൊന്നുംവില നടപടി പുരോഗമിച്ചുവരികയാണ്. രണ്ടു മാസത്തിനകം ലാന്റ് അക്വിസിഷൻ നടപടിയും ഫെബ്രുവരി മാസത്തോടുകൂടി വീടുകളുടെ നിർമ്മാണവും പൂർത്തിയാക്കി പുന:രധിവസിപ്പിക്കാമെന്നാണ് കരുതുന്നത്.

(12) ലഹരി വസ്തുക്കളുടെ നിരോധനം

ശ്രീമതി പി. അയിഷാ പോറ്റി: കാൻസറടക്കം നിരവധി രോഗങ്ങൾക്ക് കാരണമാകുന്ന ശംഭു, തുളസി, പാൻപരാഗ് തുടങ്ങിയ ലഹരിവസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും തടയുന്നതിന് പഞ്ചായത്തുകളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പുകയിലയടങ്ങിയ വസ്തുക്കളുടെ ഉൽപ്പാദനവും വിൽപ്പനയും ഉപയോഗവും തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. 2003-ലെ കേന്ദ്ര നിയമപ്രകാരം എല്ലാ പുകയില ഉൽപ്പന്നങ്ങളും ചില നിബന്ധനകൾക്ക് വിധേയമായി വിൽപ്പന നടത്താവുന്നതാണ്. അതിനാൽ സംസ്ഥാന സർക്കാരിന് ഇവയുടെ വിൽപ്പനയും ഉപയോഗവും പൂർണ്ണമായും നിരോധിക്കാൻ സാധ്യമല്ല. എന്നാൽ 18 വയസ്സിൽ താഴെയുള്ളവർക്കോ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 യാർഡ് ചുറ്റളവിലോ പുകയില ഉൽപ്പന്നങ്ങൾ വിൽക്കാൻ പാടില്ല എന്ന് നിയമമുള്ളതിനാൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി കിട്ടുകയാണെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കാം.

(13) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം പുന:സ്ഥാപിക്കൽ

ശ്രീ. കെ. സുധാകരൻ: മദ്യഷാപ്പുകൾ നിയന്ത്രിക്കാനുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞ

മേയ് 1-ാം തീയതിമുതൽ കണ്ണൂരിൽ മദ്യനിരോധന സമിതി സത്യാഗ്രഹസമരം അനുഷ്ഠിക്കുകയാണ്. പഞ്ചായത്ത് ആക്ട് പ്രകാരമുള്ള പ്രസ്തുത അധികാരം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ഗ്രാമപഞ്ചായത്തുകളുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെയും വ്യവസ്ഥകൾക്ക് വിധേയമല്ലാതെയും മദ്യഷാപ്പുകൾ പ്രവർത്തിക്കാൻ പാടില്ലായെന്ന നിബന്ധന 24-03-1999-ൽ റദ്ദ് ചെയ്യുകയുണ്ടായി. 5972 ഷാപ്പുകളാണ് സംസ്ഥാനത്ത് നിരവധി വർഷങ്ങളായിട്ട് നിലവിലുണ്ടായിരുന്നത്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നിർത്തൽ ചെയ്ത ഷാപ്പുകൾ മാത്രമാണ് ഗവൺമെന്റ് പുന:സ്ഥാപിച്ചത്. മദ്യഷാപ്പുകളെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉയർന്നുവരികയാണെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തുകൾക്കും ജില്ലാ കളക്ടർമാർക്കും ഇടപെടാനുള്ള നിർദ്ദേശം നൽകുന്നതാണ്. സംസ്ഥാനത്തിന്റെ ഒരു ഭാഗത്തും ഇത്തരത്തിലുള്ള ഒരു പ്രശ്നം നിലനിൽക്കുന്നില്ല എന്നതിനാൽ ഇതുമായി ബന്ധപ്പെട്ട നിയമം ഭേദഗതി ചെയ്യുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നില്ല.

(14) ഗ്രാമപഞ്ചായത്ത് സ്കൂളുകൾ സർക്കാർ സ്കൂളുകളായി പരിഗണിക്കൽ

പ്രൊഫ. സി. രവീന്ദ്രനാഥ്: ഗ്രാമപഞ്ചായത്തുകൾ നേരിട്ട് നടത്തുന്ന സ്കൂളുകളെ സർക്കാർ സ്കൂളുകളായി പരിഗണിക്കാനും അവർ വിട്ടുതരാൻ തയ്യാറുള്ള സ്കൂളുകളെ സർക്കാർ ഏറ്റെടുക്കാനുമുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ.ബേബി) : ലോവർ പ്രൈമറി തലത്തിൽ 59-ഉം പ്രൈമറി തലത്തിൽ 21-ഉം ഹൈസ്കൂൾ തലത്തിൽ 14-ഉം ഹയർ സെക്കന്ററി തലത്തിൽ 10-ഉം സ്കൂളുകളെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ എയ്ഡഡ് സ്ക്കൂളുകളായി പരിഗണിച്ചുകൊണ്ടിരിക്കുന്നത്. പി.എസ്.സി. വഴി നിയമനം നടത്തുന്ന പ്രസ്തുത സ്കൂളുകളിൽ 1151 അധ്യാപകർ ജോലി ചെയ്യുന്നുണ്ട്. പഞ്ചായത്ത് സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലേയ്ക്ക് വിട്ടുതരാനുള്ള സന്നദ്ധത തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(15) മണൽ വാരൽ തൊഴിലാളികളുടെ സംരക്ഷണം

ശ്രീ. പി. തിലോത്തമൻ: വേമ്പനാട്ട് കായലിൽ രൂപീകൃതമായിട്ടുള്ള മണൽതിട്ടകളിൽനിന്നും മണൽവാരി ഉപജീവനം നടത്തിവന്നിരുന്ന മണൽവാരൽ തൊഴിലാളികൾ ആലപ്പുഴ ജില്ലയിൽ ഏർപ്പെടുത്തിയ മണൽവാരൽ നിരോധനം മൂലം കഷ്ടപ്പെടുന്ന സാഹചര്യത്തിൽ അവരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): കേരളത്തിലെ നദീതീരങ്ങളുടെ സംരക്ഷണവും മണൽ വാരൽ നിരോധനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജില്ലാ വിദഗ്ദ്ധ സമിതിയുമായി സർക്കാർ തലത്തിൽ ചർച്ച നടത്തി വരുന്നു. മണൽവാരൽമൂലം വേമ്പനാട്ട് കായലിൽ മത്സ്യസമ്പത്തും കക്ക സമ്പത്തും കുറയുകയും അഗാധഗർത്തങ്ങൾ രൂപീകൃതമാകുകയും ചെയ്യുന്നതുകൊണ്ട് വൻതോതിൽ പാരിസ്ഥിതിക പ്രശ്നങ്ങളുടലെടുക്കുന്നതായുള്ള നിയമസഭാ പരിസ്ഥിതി സമിതിയുടെ

നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ആലപ്പുഴ ജില്ലയിൽ മണൽ വാരൽ നിരോധനം ഏർപ്പെടുത്തിയത്. മണൽവാരൽ തൊഴിലാളികളുടെ പ്രശ്നം വിലയിരുത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടേയും നിയമങ്ങളുടേയും അടിസ്ഥാനത്തിലും കായലിൽനിന്ന് മണൽവാരുന്നതും കടവുകൾ നിശ്ചയിക്കുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതാണ്.

(16) <u>ടെക്നിക്കൽ സ്കൂൾ മാറ്റി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. ബി. ബാബുപ്രസാദ്:</u> ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ഏക സർക്കാർ സാങ്കേതിക ജൂനിയർ ടെക്നിക്കൽ സ്കൂൾ സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ള കുമാരപുരം പഞ്ചായത്തിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ.ബേബി) :</u> കുമാരപുരം പഞ്ചായത്തിൽ 5.67 ഏക്കർ സ്ഥലത്ത് പര്യാപ്തമായ കെട്ടിട സൗകര്യമില്ലാത്തതുകൊണ്ടാണ് ഹരിപ്പാട് ടെക്നിക്കൽ സ്ക്കൂൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ക്കൂൾ കെട്ടിട നിർമ്മാണത്തിനായി നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല സൗകര്യ വികസന പദ്ധതിയിൻകീഴിൽ 1,42,50,000/- രൂപ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. വളരെ വേഗം അതിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കി ഹരിപ്പാട് ടെക്നിക്കൽ സ്ക്കൂൾ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

(17) <u>കാർഷിക കോളേജിലെ തൊഴിലാളികളുടെ അനിശ്ചിതകാല നിരാഹാര സമരം</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u> നീലേശ്വരം പടന്നക്കാട് കാർഷിക കോളേജിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തി അവർ നടത്തിവരുന്ന അനിശ്ചിതകാല നിരാഹാര സമരം അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> നീലേശ്വരം പടന്നക്കാട് കാർഷിക സർവ്വകലാശാല സ്ഥാപിക്കുന്നതിനായി സർക്കാർ ഫാം സർവ്വകലാശാലയ്ക്ക് കൈമാറുന്ന ഉത്തരവിൽ നീലേശ്വരം കോക്കനട്ട് സീഡ് ഫാമിലെ തൊഴിലാളികളെക്കൂടി കൈമാറ്റം ചെയ്യുന്നതായി വ്യക്തമാക്കിയിരുന്നു. സീസണലായിമാത്രം നടത്തുന്ന പോളിനേഷൻ പ്രവൃത്തികൾ ഇല്ലാത്തതിനാൽ കാർഷിക സർവ്വകലാശാല ഈ തൊഴിലാളികളെ ഏറ്റെടുത്തിരുന്നില്ല. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് തൊഴിലാളികൾ അനുകൂല വിധി സമ്പാദിച്ചിരുന്നു. ഇതിനെതിരായി സർവ്വകലാശാല സുപ്രീം കോടതിയെ സമീപിച്ചതിനാൽ പ്രസ്തുത വിഷയം ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഇത് സംബന്ധിച്ച് സർക്കാരിന് ധാരാളം നിവേദനങ്ങൾ ലഭിച്ചതിനാൽ ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് തൊഴിലാളിപക്ഷ നിലപാടുകൾ സ്വീകരിക്കുന്നതാണ്.

(18) <u>നീന്തൽകുളത്തിന്റെ നിർമ്മാണ പ്രവർത്തനം</u>

<u>ശ്രീ. എ. പ്രദീപ് കുമാർ:</u> സംസ്ഥാന സ്പോർട്ട്സ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള കോഴിക്കോട് നീന്തൽക്കുളത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വിജയകുമാർ): കേന്ദ്ര സഹായത്തോടെ 1998-ലാണ് കോഴിക്കോട് ആധുനികരീതിയിലുള്ള നീന്തൽകുളം നിർമ്മിക്കാനുള്ള പദ്ധതി കോഴിക്കോട് ജില്ലാ സ്പോർട്ട്സ് കൗൺസിൽ അംഗീകരിച്ചത്. 50 ശതമാനം കേന്ദ്ര സഹായവും 50 ശതമാനം സംസ്ഥാന സഹായവുമെന്ന രീതിയിലാണ് ഭരണാനുമതി നൽകിയത്. നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരായി സൊസൈറ്റി ഫോർ പ്രൊട്ടക്ഷൻ ഓഫ് എൻവയോൺമെന്റ് ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങിച്ചു. അതിന്റെ ഭാഗമായി 2005 വരെ പണി മുടങ്ങിക്കിടന്നു. അതിനുശേഷം പ്യൂരിഫിക്കേഷൻ പ്ളാന്റിന്റെ കരാറുകാരായ രാജാ എന്റർപ്രൈസസ്സ് (ബാംഗ്ളൂർ) പണി ഉപേക്ഷിച്ചുപോയശേഷം ആർബിട്രേഷൻ കേസ് ഫയൽ ചെയ്യുകയും അവർക്ക് അനുകൂലമായ വിധിയുണ്ടാകുകയും ചെയ്തു. അതിനെതിരായി അപ്പീൽ നടപടികൾ സ്വീകരിച്ചുവരുന്നതായി ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായ കെടുകാര്യസ്ഥതയേയും അഴിമതിയേയുംപറ്റി അന്വേഷിക്കാൻ ചീഫ് ടെക്നിക്കൽ എക്സാമിനറെ ചുമതലപ്പെടുത്തുകയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വിമ്മിംഗ് പൂൾ നിർമ്മാണത്തിൽ വൈദഗ്ദ്ധ്യം ലഭിച്ചവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ റിപ്പോർട്ട് ലഭിച്ചാലുടൻ നീന്തൽക്കുളത്തിന്റെ നിർമ്മാണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

(19) ഇന്റർ സിറ്റി എക്സ്പ്രസ്സിന്റെ സമയമാറ്റം

<u>ശ്രീ. എ.എം ആരിഫ്:</u> എറണാകുളം-തിരുവനന്തപുരം ഇന്റർസിറ്റി എക്സ്പ്രസ്സിന്റെ സമയമാറ്റംമൂലവും ജയന്തി ജനത എക്സ്പ്രസ്സിന്റെ എഞ്ചിൻ മാറ്റുന്നതുമൂലവുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> എറണാകുളം-തിരുവനന്തപുരം ഇന്റർസിറ്റി എക്സ്പ്രസ്സിന്റെ സമയമാറ്റം സംബന്ധിച്ച് കേന്ദ്ര റെയിൽവേ മന്ത്രിക്ക് നേരിട്ട് കത്തെഴുതുകയും ദക്ഷിണ റെയിൽവേ അധികാരികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി സമയ ക്ളിപ്തത പാലിക്കാനായി നടപടികൾ സ്വീകരിച്ചു വരുന്നതായി റെയിൽവേ അറിയിച്ചിട്ടുണ്ട്. ജയന്തി ജനതാ എക്സ്പ്രസ്സിന്റെ എഞ്ചിൻ മാറ്റം കൊല്ലത്തുനിന്നും പാലക്കാട്ടേയ്ക്കോ ഈറോഡിലേയ്ക്കോ മാറ്റുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ സമയോചിതമായ ഇടപെടൽകൊണ്ട് പ്രശ്നം പരിഹരിക്കാൻ സാധിക്കും.

(20) <u>മോട്ടോർതൊഴിലാളി ക്ഷേമ നിധിയുടെ പ്രവർത്തനം</u>

<u>ശ്രീ. വി. ശശികുമാർ:</u> മോട്ടോർതൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. പതിമൂന്ന് ലക്ഷത്തോളം വരുന്ന മോട്ടോർതൊഴിലാളികളുടെ ക്ഷേമനിധി വർഷങ്ങൾക്ക് മുമ്പ് രൂപീകരിച്ചിട്ടുണ്ടെങ്കിലും രണ്ട് ലക്ഷത്തിൽ താഴെ തൊഴിലാളികൾക്ക് മാത്രമാണ് ഇതിൽ അംഗത്വം ലഭിച്ചിട്ടുള്ളത്. എല്ലാ ട്രേഡ് യൂണിയനുകളുടേയും സഹകരണത്തോടെ ഈ ക്ഷേമനിധി വിപുലമാക്കാൻ നടപടികൾ സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): തൊഴിലുടമകളുടെയും തൊഴിലാളി സംഘടനകളുടെയും യോഗം വിളിച്ചുകൂട്ടി 2007-ലെ പുതുക്കിയ നിയമപ്രകാരം മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിച്ച് ഈ പദ്ധതി വിജയകരമായി മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(21) സർക്കാർ ഭൂമി പതിച്ചു നൽകൽ

ശ്രീ. ജോസഫ് എം. പുതുശ്ശേരി: പി.എസ്. ശ്രീനിവാസൻ മെമ്മോറിയൽ വർക്കേഴ്സ് എഡ്യുക്കേഷൻ ആന്റ് റിസർച്ച് സെന്റർ എന്ന സംഘടനയ്ക്ക് ലേബർ സ്റ്റഡീസ് ആന്റ് റിസർച്ച് സെന്റർ ആരംഭിക്കാൻ തിരുവനന്തപുരത്തെ തൈക്കാട് വില്ലേജിൽ ഗസ്റ്റ് ഹൗസിനു സമീപമുള്ള സർക്കാർ ഭൂമി പതിച്ചു കൊടുക്കാനുള്ള നടപടി നിറുത്തിവയ്ക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പി.എസ്. ശ്രീനിവാസൻ മെമ്മോറിയൽ വർക്കേഴ്സ് എഡ്യുക്കേഷൻ ആന്റ് റിസർച്ച് സെന്റർ എന്ന സംഘടനയ്ക്ക് ലേബർ സ്റ്റഡീസ് ആന്റ് റിസർച്ച് സെന്റർ ആരംഭിക്കാൻ സർക്കാർ ഭൂമി പതിച്ചു നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്. മന്ത്രിസഭയുമായി ആലോചിച്ചു മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

ബൗദ്ധിക സ്വത്തവകാശ നയം

ബൗദ്ധിക സ്വത്തവകാശ നയം സംബന്ധിച്ച് നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തി

**ക്രമപ്രശ്നം**

<u>ക്രമവിരുദ്ധമായ പ്രമേയം</u>

<u>ശ്രീ. കെ. എം. മാണി:</u> 11-7-2008-ന് ശ്രീ. വി.എൻ. വാസവൻ അവതരിപ്പിച്ച് നിയമസഭ പാസ്സാക്കിയ ഇന്തോ-അമേരിക്കൻ ആണവക്കരാർ സംബന്ധിച്ച പ്രമേയം കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അയച്ചു കൊടുക്കാനോ കൂടുതൽ നടപടി സ്വീകരിക്കാനോ പാടില്ല. കേന്ദ്ര ഗവൺമെന്റിന്റെ പെർവ്യൂവിൽപ്പെട്ട ഇന്റർനാഷണൽ എഗ്രിമെന്റിനെ സംബന്ധിച്ച പ്രമേയം കൊണ്ടുവന്ന് ചർച്ച ചെയ്തതും പാസ്സാക്കിയതും ഓർഡറിലാണോ എന്ന് വ്യക്തമാക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഭരണഘടനയുടെ ആർട്ടിക്കിൾ 245 അനുസരിച്ച് പാർലമെന്റ് ചെയ്യേണ്ട കാര്യം ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ചെയ്തത് ശരിയല്ല.. സ്റ്റേറ്റ് ലിസ്റ്റിനകത്ത് പെടാത്തതും സെൻട്രൽ ലിസ്റ്റിനകത്തുൾപ്പെട്ടതുമായ ഒരു കാര്യം ലെജിസ്ലേച്ചർ കൊണ്ടു വന്നു എന്നതാണ് പ്രധാന പ്രശ്നം. മാത്രമല്ല ഇത് അപകീർത്തികരവുമാണ്. ഇവിടെ പാസ്സാക്കിയ പ്രമേയം പ്രസിഡന്റിന് അയച്ചു കൊടുക്കാൻ പാടില്ല. ഇതു ഭരണഘടനാ വിരുദ്ധമാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>( ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> 11-7-2008-ന് സഭ പാസ്സാക്കിയ പ്രമേയം അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ജൂലൈ മാസം 9-ാം തീയതി സഭയിൽ അവതരിപ്പിച്ചപ്പോൾ സഭ ഐകകണ്ഠ്യേന അംഗീകരിച്ചതാണ്. അന്ന് ആരും തന്നെ ഈ പ്രമേയം നടപടിച്ചട്ടങ്ങൾക്ക് വിരുദ്ധമാണെന്നു പറയുകയോ, പോൾ ആവശ്യപ്പെടുകയോ, എതിർക്കുകയോ, ഒബ്ജക്ഷൻ എഴുതിക്കൊടുക്കുകയോ ചെയ്തില്ല.

ശ്രീ.വി.എൻ. വാസവൻ 11-7-2008-ന് പ്രമേയം അവതരിപ്പിക്കുകയും നിയമസഭ അത് പാസ്സാക്കുകയും ചെയ്തു. മുമ്പും ഇത്തരത്തിൽ പല പ്രമേയങ്ങളും നിയമസഭയിൽ പാസ്സാക്കിയിട്ടുണ്ട്. ഈ പ്രമേയം ശരിക്കും ഓർഡറിലാണ്. പ്രമേയം കേന്ദ്ര ഗവൺമെന്റിന് അയച്ചു കൊടുക്കണം. കേരള നിയമസഭയ്ക്ക് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ. കെ. പ്രേമചന്ദ്രൻ): കേരള നിയമസഭ പാസ്സാക്കുന്ന ഒരു പ്രമേയത്തിന്റെ തുടർനടപടികൾ സ്വീകരിക്കരുതെന്ന് ഉന്നയിക്കുന്നത് ക്രമവിരുദ്ധവും അനാദരവുമാണ്.

**റൂളിംഗ്**

മി. സ്പീക്കർ : ജൂലായ് 11-ാം തീയതി സഭ ചർച്ച ചെയ്ത് അംഗീകരിച്ച ഒരു അനൗദ്യോഗിക പ്രമേയത്തിന് അവതരണാനുമതി നൽകിയത് ഭരണ ഘടനാ വ്യവസ്ഥകൾക്കും നിയമസഭാ ചട്ടങ്ങൾക്കും വിരുദ്ധമാണെന്നും അക്കാര്യം ഉന്നയിക്കാൻ അനുവാദം നൽകണമെന്നും സർവ്വശ്രീ കെ.എം.മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർ ആവശ്യപ്പെട്ടിരുന്നു. ഇതുമായി ബന്ധപ്പെട്ട് സഭയിലെ ചില അംഗങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ നടത്തിയ വിമർശനങ്ങളും ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രമേയത്തിന് അവതരണാനുമതി നൽകുന്നതിനെതിരെ സർവ്വശ്രീ. കെ.എം. മാണി, ആര്യാടൻ മുഹമ്മദ്, തേറമ്പിൽ രാമകൃഷ്ണൻ, കെ.സി. ജോസഫ്, വി.ഡി. സതീശൻ എന്നീ അംഗങ്ങൾ രേഖാമൂലം തടസ്സവാദങ്ങൾ ഉന്നയിച്ചി രുന്നു. ഇവയെല്ലാം ചെയർ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിരു ന്നു. അനൗദ്യോഗിക പ്രമേയങ്ങൾ സഭയിൽ എത്തുന്നത് തന്നെ അതുമായി ബന്ധപ്പെട്ട നിയമസഭാ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണെന്ന കാര്യം ആദ്യംതന്നെ പറയട്ടെ. ഒരു സംസ്ഥാന നിയമസഭയ്ക്ക് പാസ്സാക്കാൻ

അധികാരമുള്ള പ്രമേയങ്ങളെ സംബന്ധിച്ച് ഭരണഘടനയിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ല. സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണ അധികാരങ്ങൾ മാത്രമാണ് ഭരണഘടന പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. കേരള നിയമസഭയുടെ കീഴ്വഴക്കങ്ങൾ പരിശോധിച്ചതിൽ നിയമസഭയുടെ നിയമ നിർമ്മാണ അധികാരത്തിൽപ്പെടാത്ത പല വിഷയങ്ങളെക്കുറിച്ചും സഭ ഔദ്യോഗികവും അനൗദ്യോഗികവുമായ പ്രമേയങ്ങൾ പാസ്സാക്കിയിട്ടുള്ള തായി കാണുന്നു. ഇവയിൽ പല പ്രമേയങ്ങളും ഇൻഡ്യ മറ്റ് രാജ്യങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള കരാറുകളെ സംബന്ധിച്ചുള്ളവയാണ്. അതിനാൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന പ്രമേയം നിയമസഭയുടെ അധികാര പരിധിക്ക് പുറത്താണെന്നുള്ള ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ചട്ടം 119(ബി) പറയുന്ന രീതിയിലുള്ള പരാമർശങ്ങൾ ഈ പ്രമേയത്തിലുള്ളതായി കാണുന്നില്ല. ചട്ടം 119(ഡി) പ്രസ്തുത പ്രമേയത്തിന്റെ കാര്യത്തിൽ ബാധകമാക്കാനാകില്ല. സഭയുടെ കീഴ്വഴക്കങ്ങൾ പരിശോധിച്ചതിൽ സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിക്ക് പുറത്തുള്ള പല വിഷയങ്ങളെ സംബന്ധിച്ചും മുൻപും ഈ സഭയിൽ പ്രമേയങ്ങൾ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ ജൂലായ് 11-ന് ശ്രീ.വി.എൻ. വാസവൻ സഭയിൽ അവതരിപ്പിച്ച പ്രമേയത്തിന് അവതരണാനുമതി നൽകിയതിൽ ഭരണഘടനാ വിരുദ്ധമായോ നിയമസഭാ ചട്ടങ്ങൾക്ക് വിരുദ്ധമായോ ഒന്നുംതന്നെ ഇല്ലെന്ന് വ്യക്തമാക്കാൻ ചെയർ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള വിവാദങ്ങൾ തികച്ചും നിർഭാഗ്യകരമാണെന്നും ചെയർ കരുതുന്നു. സ്പീക്കറുടെ റൂളിംഗിനെ പ്രത്യക്ഷമായോ പരോക്ഷമായോ സഭയ്ക്ക് അകത്തോ പുറത്തോ ചോദ്യം ചെയ്യുന്നത്

കണ്ടംപ്റ്റ് ആണ്. ഇതു സംബന്ധിച്ച റൂളിംഗ് ഈ സഭയിൽതന്നെ ഉണ്ടായിട്ടുണ്ടെന്ന കാര്യവും ഓർമ്മിപ്പിക്കട്ടെ. (13-07-1990-ലെ സ്പീക്കറുടെ റൂളിംഗ്)

**ധനകാര്യം**

2008-09 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം
468,68,48,000 രൂപ

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത്
57,50,45,000 രൂപ

ധനാഭ്യർത്ഥന നമ്പർ XXXVI - സാമൂഹ്യവികസനം
164,03,84,000 രൂപ

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.മോൻസ് ജോസഫ്) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത്
1093,18,07,000 രൂപ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ

ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ കെ. ബാബു, ബി. ബാബു പ്രസാദ്, വി.ഡി. സതീശൻ, തേറമ്പിൽ രാമകൃഷ്ണൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എ. വാഹീദ്, ജോർജ് മെഴ്സിയർ, കെ.സി. വേണുഗോപാൽ, എ.പി. അനിൽകുമാർ, കെ.ശിവദാസൻ നായർ, ജോസഫ് എം. പുതുശ്ശേരി, തോമസ് ചാണ്ടി, തോമസ് ചാഴികാടൻ, എം. ഉമ്മർ, സി.ടി. അഹമ്മദ് അലി, അബ്ദുറഹിമാൻ രണ്ടത്താണി, കെ. മുഹമ്മദുണ്ണി ഹാജി, വി.കെ. ഇബ്രാഹിം കുഞ്ഞ്, പ്രൊഫ.കെ.വി. തോമസ്, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നമ്മുടെ നഗരങ്ങൾ നരകങ്ങളായി മാറുന്നു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന നഗരവത്കരണം സംസ്ഥാനത്ത് നിരവധി വെല്ലുവിളികൾ ഉയർത്തിക്കൊണ്ടിരിക്കുന്നു. പുതുതായി ഉയർന്നുപൊങ്ങുന്ന കെട്ടിടങ്ങളും ഫ്ളാറ്റുകളും വ്യാപാര സമുച്ചയങ്ങളും നഗരങ്ങളെ കോൺക്രീറ്റ് പാടങ്ങളാക്കി മാറ്റിയിരിക്കുന്നു. ഇടുങ്ങിയ റോഡുകളും വാഹന വർദ്ധനവും കാരണം ട്രാഫിക് കുരുക്കുകൾ നിത്യ സംഭവങ്ങളായിട്ടുണ്ട്. ജലനിർഗ്ഗമന സംവിധാനമില്ലാത്തതിനാൽ കെട്ടിക്കിടക്കുന്ന മലിനജലം കൊതുകു വളർത്തൽ കേന്ദ്രങ്ങളായി മാറിയിട്ടുണ്ട്. ആധുനിക രീതിയിലുള്ള അറവുശാലകൾ, മാർക്കറ്റുകൾ, ഫലപ്രദമായ ജല നിർമ്മാർജ്ജനം, ഖരമാലിന്യ സംസ്കരണം, ശുദ്ധവായു, വെള്ളം എന്നിവയുടെ കാര്യങ്ങളിൽ സർക്കാരിന്റെ ശക്തമായ ഇടപെടലുകൾ ഉണ്ടാകണം. ആസൂത്രിതമല്ലാത്ത, വികലമായ വികസന പ്രവർത്തനങ്ങളാണ് ഇന്ന് എല്ലാ

കോർപ്പറേഷനുകളിലും നടക്കുന്നത്. തിരുവനന്തപുരത്ത് ആവിഷ്ക്കരിച്ച വികസന പ്രവർത്തനങ്ങളെല്ലാം മുടങ്ങിക്കിടക്കുകയാണ്. തിരുവനന്തപുരം, കൊച്ചി നഗരങ്ങൾ വെള്ളക്കെട്ടിന് കുപ്രസിദ്ധമാണ്. മാലിന്യ പ്രശ്നവും ഗതാഗതക്കുരുക്കും ഉണ്ടാകുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളെ നഗര വികസന അതോറിറ്റിയിൽപ്പെടുത്തി സർക്കാരിന്റെ സഹായത്തോടുകൂടി ചില പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇക്കാര്യത്തിൽ തൃശ്ശൂർ, കൊല്ലം നഗരങ്ങളോട് സർക്കാർ കടുത്ത അവഗണനയാണ് കാണിക്കുന്നത്. പ്ളാനിംഗ് വകുപ്പ് തികച്ചും ദുർബലവും അവർ നടപ്പിലാക്കുന്ന സ്കീമുകളിൽ പലതും കാലഹരണപ്പെട്ടതുമാണ്. നഗരാസൂത്രണ വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കണം. നഗര വികസന അതോറിറ്റിയോടുള്ള ഈ സർക്കാരിന്റെ നിലപാട് ശരിയല്ല. ദീർഘവീക്ഷണത്തോടുകൂടി ബൃഹത്തായ പദ്ധതികൾ ആവിഷ്ക്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കാൻ വികസന വായ്പകൾ സ്വരൂപിക്കുകയും വിവിധ ഏജൻസികളെ ഏകോപിപ്പിക്കുകയും ചെയ്യുന്നതിന് സാങ്കേതിക ഭരണ സംവിധാനം അനിവാര്യമാണ്. എ.ഡി.ബി. ഫണ്ട്, കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.എൽ.എ.-എം.പി. ഫണ്ടുകൾ എന്നിവയെല്ലാം സ്വരൂപിച്ചുകൊണ്ട് സുസ്ഥിര വികസനം സാധ്യമാക്കണമെങ്കിൽ വൈദഗ്ദ്ധ്യമുള്ള ആസൂത്രണ സംവിധാനം വേണം. നഗരങ്ങളുടെ വികസനത്തിന് തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഉള്ളപ്പോൾ മറ്റൊരു സംവിധാനം ആവശ്യമില്ലെന്ന് പറയുന്നത് യുക്തിസഹമല്ല. തൃശ്ശൂർ, കൊല്ലം നഗരവികസന അതോറിറ്റികൾ പുന:സ്ഥാപിക്കണം. കുടിവെള്ളം, വൈദ്യുതി എന്നിവയുടെ കാര്യത്തിൽ നിലനിൽക്കുന്ന രണ്ടുതരത്തിലുള്ള സംവിധാനം മാറ്റി തൃശ്ശൂർ നഗരത്തിന്റെ

പരിധിയിൽപ്പെടുന്ന മുഴുവൻ സ്ഥലത്തും വെള്ളം, വൈദ്യുതി എന്നിവയുടെ വിതരണാവകാശം കോർപ്പറേഷനെ ഏൽപിക്കണം. ഗ്രാമസഭകളുടെ പ്രവർത്തനം ഫലപ്രദമാകുന്നില്ല. രാഷ്ട്രീയ അതിപ്രസരം പല സ്ഥലങ്ങളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. തങ്ങൾക്ക് സിദ്ധിച്ച അധികാരങ്ങൾ വേണ്ടതുപോലെ പരിഗണിക്കാനും ജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്താനും തദ്ദേശഭരണ സ്ഥാപനങ്ങളെ കൂടുതൽ ശാക്തീകരിക്കണം. പല പഞ്ചായത്തുകളിലും ഇതുവരെ ആസൂത്രണ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. പഞ്ചായത്തുകൾ ഓരോ വർഷവും നീക്കിവയ്ക്കുന്ന തുക ഒഴിച്ചാൽ ഭവന നിർമ്മാണ പദ്ധതികൾക്കായി പുതുതായി ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. നാമമാത്രമായ തുക മാത്രമേ പദ്ധതികൾക്കുവേണ്ടി ചെലവഴിക്കാൻ സാധിക്കുന്നുള്ളൂ. തദ്ദേശഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് സംവിധാനമില്ലാത്തതുകൊണ്ട് മരാമത്ത് പണികൾ നടക്കുന്നില്ല. അധികാര വികേന്ദ്രീകരണ സംവിധാനങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ച് സമഗ്രമായ വിലയിരുത്തലും പഠനവും നടത്തണം. തൃശ്ശൂരിലെ ‘കില’ എന്ന സ്ഥാപനത്തെ അധികാര വികേന്ദ്രീകരണ പരിശീലന പഠന ഗവേഷണത്തിനായുള്ള ഒരു അന്തർദേശീയ കേന്ദ്രമായി ഉയർത്തണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കാത്തതുമൂലം കോടികൾ നഷ്ടപ്പെടുകയാണ്. പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതിപ്രവർത്തനം വളരെ മന്ദഗതിയിലാണ് നടക്കുന്നത്. കോർ നെറ്റ്വർക്ക് പുതുക്കാത്തതുമൂലം സർക്കാരിന് 75 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വിനിയോഗം വളരെ കുറവാണ്. എല്ലാ പദ്ധതികളും

ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് നടക്കണമെന്ന വാശി കാരണം പാവപ്പെട്ട ആളുകൾക്ക് തൊഴിലവസരം നിഷേധിക്കുകയാണ്. സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതി പരിതാപകരമാണ്. വിനോദസഞ്ചാരികൾ റോഡുകളുടെ ദുരവസ്ഥ കണ്ട് നിരാശരായി മടങ്ങുകയാണ്. സർക്കാർ മാറുമ്പോൾ പദ്ധതി മാറുന്ന സ്ഥിതി അനാരോഗ്യകരമാണ്. 25 കൊല്ലമെങ്കിലും മുന്നിൽ കണ്ടുകൊണ്ട് റോഡുകൾക്ക് പുന:സംവിധാന പദ്ധതി ആവിഷ്ക്കരിക്കണം. സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള തടസ്സങ്ങളും പണി നടത്താനുള്ള കാലതാമസവും ഒഴിവാക്കുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തണം. സാമ്പത്തിക പരാധീനതമൂലം കൺസ്ട്രക്ഷൻ കോർപ്പറേഷനും ബ്രിഡ്ജസ് കോർപ്പറേഷനും നട്ടം തിരിയുകയാണ്. തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ ലേഡീസ് ഹോസ്റ്റലിന്റെ പണി പൂർത്തീകരിക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും മുളങ്കുന്നത്തുകാവ് മേൽപ്പാലത്തിന്റെ പണി ആരംഭിക്കുകയും ചെയ്യണം.

ശ്രീ.വി.ജെ. തങ്കപ്പൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പഞ്ചായത്ത് രാജ് ഭരണ സംവിധാനം നിലവിൽ വന്നതിനുശേഷം ആ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതിയെ സംബന്ധിച്ച് സമഗ്രമായ പഠനവും അവലോകനവും ആവശ്യമാണ്. പച്ചക്കറി, പഴ വർഗ്ഗങ്ങൾ തുടങ്ങി കാർഷികോല്പന്നങ്ങളുടേയും പാൽ, മുട്ട, ഇറച്ചി തുടങ്ങിയ ഉല്പന്നങ്ങളുടേയും ഉല്പാദന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച് വിശദമായ പരിശോധന നടത്തണം. തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൽപാദന മേഖലയിൽ കൂടുതൽ

ഊന്നൽ നൽകുന്ന തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് നിയമനിർമ്മാണവും ഗവൺമെന്റ് ഉത്തരവുകളും ഉണ്ടാകണം. ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിക്കാർക്ക് ഇൻസെന്റീവ് കൊടുക്കണം. അഗ്രികൾച്ചറൽ ആഫീസർ, അഗ്രികൾച്ചറൽ അസിസ്റ്റന്റ് എന്നിവർ കാർഷിക മേഖലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് നടപടി ഉണ്ടാകണം. ഓരോ പ്രദേശത്തിനും അനുയോജ്യമായ കൃഷിക്ക് പ്രോത്സാഹനം നൽകി ഉല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചാൽ ധനവിനിയോഗം ദുർവിനിയോഗമായി മാറുകയില്ല. നെൽകൃഷിക്ക് സർക്കാർ പൂർണ്ണ പിന്തുണ നൽകണം. ആയിരം ഗ്രാമങ്ങളിൽ പച്ചക്കറിക്കൃഷി പദ്ധതി നടപ്പിലാക്കാൻ പോവുകയാണ്. ഇത്തരം പദ്ധതികൾക്ക് ധനവിനിയോഗം നടത്തുമ്പോൾ അതിൽ നിന്നുള്ള ഉല്പാദനത്തെ സംബന്ധിച്ചുള്ള കണക്കും സൂക്ഷിക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കണം. ഇത് സ്ഥായിയായി നിലനിറുത്തുന്നതിന് സുസ്ഥിര കാർഷിക വികസനം നടപ്പിലാക്കണം. തൊഴിലുറപ്പു പദ്ധതി പ്രകാരം സ്ഥായിയായ നിർമ്മാണങ്ങൾ നടത്താൻ കഴിയും. കൃഷിക്കുവേണ്ട ഇറിഗേഷൻ പദ്ധതികൾക്കും ഗ്രൗണ്ട് വാട്ടർ കൺസർവേഷനുവേണ്ട പദ്ധതികൾക്കും മുൻഗണന നൽകണം. മഴക്കാലത്ത് കിട്ടുന്ന വെള്ളം തടഞ്ഞുനിറുത്തി ഭൂഗർഭജലം റീ-ചാർജ് ചെയ്യാനുള്ള സംവിധാനം തൊഴിലുറപ്പ് പദ്ധതിയുടെ തുക ഉപയോഗിച്ച് ചെയ്യണം. ജലസേചന ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ട തുക ബ്ലോക്ക് പഞ്ചായത്ത് വകമാറ്റി ചെലവഴിക്കുന്നു. ഇക്കാര്യത്തിൽ

സർക്കാരിന്റെ ഒരു മേൽനോട്ടം ഉണ്ടാകണം. സർക്കാർ ഉത്തരവുകളും നിയമങ്ങളും കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കണം.

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് ഇവിടെ ഉന്നയിക്കപ്പെട്ട കാര്യ ങ്ങൾ സ്വീകാര്യമാണ്. അധികാര വികേന്ദ്രീകരണ രംഗത്ത് കേരളം വളരെ മുന്നിലാണ്. എന്നാൽ ഇത് സംബന്ധിച്ച് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള കോട്ടങ്ങൾ വിലയിരുത്താൻ രാഷ്ട്രീയ പാർട്ടികളേയും ഉദ്യോഗസ്ഥരെയും വിദഗ്ദ്ധരെയുമൊക്കെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള ഒരു സംവിധാനം ഉണ്ടാക്കണം. കൊച്ചി നഗരം മാലിന്യക്കൂമ്പാരമായി മാറിയിരിക്കുന്നു. മാലിന്യ നിർമ്മാർജ്ജനത്തിനായി കേന്ദ്രം അനുവദിക്കുന്ന പണം സംസ്ഥാനത്ത് വിനിയോഗിക്കുന്നില്ല. കോടിക്കണക്കിന് രൂപയുടെ പദ്ധതി ഇതുമൂലം നഷ്ടപ്പെടുന്നു. ജൈവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് സംവിധാനമില്ല. ചേരികളിൽ താമസിക്കുന്നവർക്ക് വീട് നിർമ്മിക്കുന്നതിന് സർക്കാർ അനുവദിക്കുന്ന ധനസഹായം താഴെത്തലങ്ങളിൽ എത്തുന്നില്ല. ബി.എസ്.യു.പി. പദ്ധതിയനുസരിച്ച് 300 സ്ക്വയർ ഫീറ്റ് മുതൽ 600 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾക്കാണ് ധനസഹായം കൊടുക്കുന്നത്. കേന്ദ്ര സർക്കാർ തരുന്ന പണം അനുഗുണമായ രീതിയിൽ ജനങ്ങൾക്ക് എത്തിക്കുന്നതിനും അര സെന്റും മുക്കാൽ സെന്റും ഉള്ള ചേരിയിൽ താമസിക്കുന്ന ആളുകൾക്ക് ഇതിന്റെ ഗുണം ലഭിക്കത്തക്ക രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കയും ചെയ്യണം. ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്ന തിലെ ക്രമക്കേടുകൾ പരിഹരിച്ച് കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാന ഗവൺമെന്റിന് വലിയ ബാധ്യതയില്ലാത്ത, 'പോവർട്ടി

അലീവിയേഷൻ പ്രോഗ്രാം ഫോർ മട്ടാഞ്ചേരി' എന്ന പദ്ധതി പുനരാരംഭിക്കണം.

ശ്രീ. എ. കെ. ചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരവും വികസനപരവുമായ നിരവധി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ടു പോകുന്നത്. ഗ്രാമവികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയോജിപ്പിച്ച് ഒരു വകുപ്പാക്കിയത് ചാരിതാർത്ഥ്യജനകമാണ്. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പ് സുഗമമാക്കുന്നതിന് സാധിച്ചു. ഡി.ആർ.ഡി.എ.കളെ ജില്ലാ പഞ്ചായത്തുകളിൽ ലയിപ്പിച്ചതും തൃശ്ശൂർ, കോഴിക്കോട്, കൊല്ലം ജില്ലകളിലെ വികസന അതോറിറ്റികൾ ബന്ധപ്പെട്ട നഗരസഭകളുടെ കീഴിൽ കൊണ്ടുവന്നതും സ്വാഗതാർഹമാണ്. 11-ാം പഞ്ചവൽസര പദ്ധതി ജനകീയാസൂത്രണ പദ്ധതിയായാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. 2007-08-ൽ ലഭിച്ച 87 ശതമാനം പദ്ധതി തുകയും ചെലവഴിച്ചു. 11-ാം പഞ്ചവത്സര പദ്ധതിയെപ്പറ്റിയുള്ള ആക്ഷേപങ്ങൾ അവസാനിപ്പിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങളുടെ കണക്ക് ചിട്ടപ്പെടുത്തുന്നതിനും കഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം സമയത്ത് നൽകുകയും ആ വിഹിതം കൂടി ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതികൾക്ക് രൂപം നൽകിയതും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കൂടുതൽ പണം ലഭ്യമാക്കാൻ സാധിച്ചതും സ്വാഗതാർഹമായ കാര്യമാണ്. 'മാലിന്യ മുക്ത കേരളം' എന്ന ആശയം അടിസ്ഥാന ജനകീയ കൂട്ടായ്മയിലൂടെയും ബോധവൽക്കരണ പ്രവർത്തനത്തിൽ

കൂടിയും വിജയകരമായി നടപ്പാക്കി. പ്ളാസ്റ്റിക് നിരോധിക്കുകയും അതിനുപകരം പേപ്പർ, തുണി, പാള മുതലായവ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ യന്ത്രവൽകൃത യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. പഞ്ചായത്തു വകുപ്പിൽ ധാരാളം നിയമനങ്ങൾ നടത്താൻ കഴിഞ്ഞതും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഉയർന്ന തസ്തികകളിൽ പ്രൊമോഷൻ നൽകുന്നതിന് തീരുമാനിച്ചതും അഭി നന്ദനാർഹമാണ്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി വകുപ്പുകളിൽ ശുചീക രണ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള കണ്ടിൻജന്റ് ജീവനക്കാർക്ക് അർഹ മായ രീതിയിൽ പ്രൊമോഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 1441 കോടി രൂപയുടെ പ്രവൃത്തിക ളാണ് നടത്തിയത്. എന്നാൽ ഈ ഗവൺമെന്റ് കഴിഞ്ഞ രണ്ട് കൊല്ലം കൊണ്ട് 1414 കോടി രൂപയുടെ പ്രവൃത്തികൾ നടത്തുകയുണ്ടായി. മാളയിൽ ഒഴിഞ്ഞു കിടക്കുന്ന എ.ഇ.യുടെ തസ്തികയിൽ നിയമനം നടത്താനാവശ്യ മായ നടപടി സ്വീകരിക്കണം. പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷ മവും ജനോപകാരപ്രദവുമായി മാറ്റുന്നതിനും കാൽ നൂറ്റാണ്ടു മുന്നിൽ കണ്ടുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ നട ത്തുന്നതിനും സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരി കയാണ്. കരിങ്ങച്ചിറ-നാരായണമംഗലം മാള റോഡിന്റെ പ്രവൃത്തികൾ സമ യബന്ധിതമായി പൂർത്തിയാക്കണം.

<u>പ്രൊഫ. എൻ. ജയരാജ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഗവൺമെന്റ് ആത്മാർത്ഥത കാണിക്കണം. സംസ്ഥാനത്തെ ദേശീയ ഗ്രാമീണ റോഡുകളുടെ സംര ക്ഷണം ഉറപ്പുവരുത്തണം. റോഡുകളുടെ അറ്റകുറ്റപ്പണി നടത്തി നഗ

രങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കണം. എം.സി. റോഡിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കിയിരുന്നെങ്കിൽ ഇപ്പോഴുണ്ടായിരിക്കുന്ന നൂറ് കോടിയിൽപ്പരം രൂപയുടെ നഷ്ടം ഒഴിവാക്കാമായിരുന്നു. പി.ഡബ്ളിയു.ഡി. റേറ്റ് കാലാകാലങ്ങളിൽ റിവൈസ് ചെയ്യണം. റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ ഹെവി മെയിന്റനൻസ് പ്രോജക്റ്റ് സമയബന്ധിതമായി നടപ്പിലാക്കണം. നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള റോഡുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഫലപ്രദമായി നടപ്പിലാക്കണം. ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ശാസ്ത്രീയമായി പരിഷ്ക്കരിക്കണം. പി.ഡബ്ളിയു.ഡി. കെട്ടിട നിർമ്മാണ രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ വകുപ്പിലെ സിവിൽ ഇലക്ട്രിക്കൽ വിംഗുകളുടെ പ്രവർത്തനം ഏകീകരിക്കണം. പാമ്പാടിയിൽ പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിനെ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ സമയബന്ധിതമായി തീർക്കാനുള്ള നടപടികൾ സ്വീകരിക്കണം. പഞ്ചായത്തു സ്ഥാപനങ്ങളിലേയ്ക്ക് കൂടുതൽ ജീവനക്കാരെ വിന്യസിപ്പിക്കാനും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാനും നടപടിയുണ്ടാകണം. .

<u>ശ്രീ. കെ. പി. മോഹനൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടുവർഷം കൊണ്ട് പഞ്ചായത്ത് സംവിധാനം ശക്തിപ്പെടുത്താൻ ഈ സർക്കാരിന് സാധിച്ചു. അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതു വഴി ദേശീയ ശ്രദ്ധ പിടിച്ചുപറ്റാൻ സാധിച്ചു. ഉൽപ്പാദന മേഖലയ്ക്ക് മുൻഗണന നൽകിക്കൊണ്ട് ജനകീയാസൂത്രണ പദ്ധതികൾ സജീവമായി നടപ്പിലാക്കാൻ കഴിഞ്ഞു. ഭൂരഹിതർക്ക് ഭൂമി പതിച്ചു നൽകുകയും അവരുടെ പുന:രധിവാസം ഉറപ്പാക്കുകയും ചെയ്തു. ഇ.എം.എസ്. ഭവന

നിർമ്മാണ പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. കുടുംബശ്രീ പദ്ധതിയും മാലിന്യമുക്ത കേരളം പദ്ധതിയും വിജയകരമായി മുന്നോട്ടുപോകുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ നശിപ്പിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കണം. ഖരമാലിന്യ സംസ്ക്കരണത്തിന് പദ്ധതികൾ തയ്യാറാക്കണം. ദേശീയ തൊഴിലുറപ്പ് പദ്ധതി ഗ്രാമസഭകളുടെ പങ്കാളിത്തത്തോടെ പഞ്ചായത്തുകളിൽ നടപ്പിലാക്കണം. ഹജ്ജ് ഹൗസിന്റെ നിർമ്മാണം പൂർത്തീകരിച്ചു. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള മിച്ച ക്വാട്ട ശേഖരിച്ച് ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഇ-ഗവേണൻസ് പദ്ധതി ഗ്രാമ പഞ്ചായത്തുകളിലും നടപ്പാക്കണം. വാർഡുകളിൽ വീട്ടു നമ്പർ നൽകുന്നതിലെ അപാകതകൾ പരിഹരിക്കണം. നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബ്ലോക്കുകൾ രൂപീകരിക്കണം. ഡിവൈഡറുകളിലെ അശാസ്ത്രീയത മാറ്റണം. ബാരിക്കേഡുകളിലെ പരസ്യങ്ങൾ ഒഴിവാക്കണം. ക്ഷേമ പെൻഷനുകൾ എല്ലാ മാസവും ഒന്നാം തീയതി തന്നെ ലഭ്യമാക്കണം. ഗ്രാമ പഞ്ചായത്തുകളിലെ പൊതുമരാമത്തു റോഡുകളുടെ നിർമ്മാണം സംയുക്തമായി ആരംഭിക്കണം. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഗസറ്റഡ് പദവി നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണോദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്തി ഭരണ സംവിധാനം ശക്തിപ്പെടുത്തണം.

ശ്രീ. ടി.യു. കുരുവിള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ കാര്യക്ഷമവും ജനോപകാരപ്രദവുമാക്കി മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചു. രണ്ടു വർഷംകൊണ്ട് പ്ലാൻ നോൺ പ്ലാൻ ഇനങ്ങളിൽ കൂടുതൽ തുക ലഭ്യമാക്കാൻ കഴിഞ്ഞു.. കോൺട്രാക്ടർമാരുടെ

കുടിശ്ശിക പരമാവധി കൊടുത്തു തീർത്തു. 2007-08 വർഷത്തിൽ ഓരോ നിയോജക മണ്ഡലത്തിലും എം.എൽ.എ.മാർക്ക് ഒരു കോടി രൂപ വീതമുള്ള വർക്കുകൾ അനുവദിച്ചു. പി.ഡബ്ളിയു.ഡി ഷെഡ്യൂൾ റേറ്റ് പുതുക്കി നിശ്ച യിക്കണം. ഇടപ്പള്ളിയിൽ നിന്ന് എയർപോർട്ടിലേയ്ക്കുള്ള റോഡിന്റെയും നെടുമ്പാശ്ശേരി-കൊടൈക്കനാൽ റോഡിന്റെയും പണികൾ എത്രയും വേഗം പൂർത്തിയാക്കണം. ഹിൽ ഹൈവേയുടെ പണി ഈ വർഷം തന്നെ തുടങ്ങണം.

<u>ശ്രീ. എ. എ. അസീസ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക ഗവൺമെന്റുകളാക്കിക്കൊണ്ട് അധികാരവികേന്ദ്രീകരണം സാർവ്വത്രികമാക്കാനും വികസന പ്രവർത്ത നങ്ങൾ ജനകീയാസൂത്രണ പദ്ധതിവഴി പുന:സ്ഥാപിക്കാനും കഴിഞ്ഞ രണ്ട് വർഷംകൊണ്ട് ഈ ഗവൺമെന്റ് അശ്രാന്തപരിശ്രമം നടത്തിക്കൊണ്ടിരിക്കുക യാണ്. കുടുംബശ്രീ യൂണിറ്റുകളുടെ മാതൃകാപരമായ പ്രവർത്തനങ്ങ ളിലൂടെ 'മാലിന്യമുക്ത കേരളം' എന്ന ലക്ഷ്യമിട്ടുകൊണ്ട് ഗ്രാമ പഞ്ചായത്ത്, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ വികേന്ദ്രീകരണ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. പൊട്ടിപ്പൊളിഞ്ഞ പല റോഡുകളുടെയും നിർമ്മാണം പൂർത്തീകരിച്ചു. പൊതുമരാമത്ത് വകുപ്പിലെ ചുവപ്പുനാട സമ്പ്രദായം അവസാനിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ടെൻഡറുകളിലെ കള്ളക്കളി അവസാനിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ടെന്റർ മാനുവലിൽ കാലോചിതമായ മാറ്റം വരുത്തണം. 1981-ൽ തുടങ്ങിയ താന്നി പാലത്തിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം. ഇരവിപുരം

നിയോജകമണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന വർക്കുകൾ പൂർത്തീകരിക്കണം.

<u>ശ്രീ. ജോർജ് എം. തോമസ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇൻഡ്യയ്ക്ക് മാത്രമല്ല ലോകത്തിനുതന്നെ മാതൃകയായി നടപ്പിലാക്കിയ അധികാരവികേന്ദ്രീകരണ പ്രക്രിയ നാടിന്റെ ശ്രദ്ധ പിടിച്ചെടുത്തിരിക്കുകയാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി അധികാരവികേന്ദ്രീകരണത്തിന് വലിയ പിന്തുണയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ തുടർച്ചയായിട്ട് തദ്ദേശഭരണസ്ഥാപനങ്ങൾ കഴിഞ്ഞ രണ്ട് വർഷമായി എസ്. ജി. എസ്. വൈ. പദ്ധതിയിൽ 97 ശതമാനം ഫണ്ട് ചെലവഴിച്ചുകൊണ്ട് 3382 സ്വയം സഹായ സംഘങ്ങൾവഴി 11786 വ്യക്തിഗത കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കാൻ കഴിഞ്ഞു. എസ്. ജി. ആർ. വൈ. രംഗത്ത് ഒരിക്കലുമില്ലാത്ത വികസനക്കുതിപ്പാണുണ്ടായത്. 227.53 കോടി രൂപ ചെലവഴിച്ച് 24117 സാമൂഹ്യ ആസ്തികൾ നിർമ്മിക്കാൻ കഴിഞ്ഞ രണ്ട് വർഷംകൊണ്ട് സാധിച്ചതിന്റെ ഫലമായി 128.09 ലക്ഷം മനുഷ്യപ്രയത്നദിവസങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. പി. എം. ജി. എസ്. വൈ.പദ്ധതിയിൽ 322 റോഡുകൾക്ക് അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞു. 2346 കി. മീ. റോഡിന് സ്റ്റേറ്റ് ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം നൽകിക്കഴിഞ്ഞു. റോഡുകളുടെ പ്രാദേശിക നിലവാരം കണക്കിലെടുത്തുകൊണ്ട് പി. എം. ജി. എസ്. വൈ. യുടെ നോംസ് മലയോരമേഖലയിൽ ഗ്രേഡിയന്റ്-1:8 ആക്കാനുള്ള നടപടി സ്വീകരിക്കണം. ഈ പദ്ധതിയിൽ ടെൻഡർ എക്സസ് അനുവദിക്കാൻ കഴിയുന്ന വിധം ഫ്ളെക്സിബിലിറ്റി ഉണ്ടാകണം. പി. എം. ജി. എസ്. വൈ.

പദ്ധതികളിൽ മലയോര മേഖലകൾക്ക് മുൻഗണനന നൽകണം. ടെലിഫോൺ, വാട്ടർ അതോറിറ്റി തുടങ്ങിയ പശ്ചാത്തല വികസന മേഖലകളിൽ വരുന്ന ചെലവ് പി. എം. ജി. എസ്. വൈ. ഫണ്ടിൽനിന്നും നൽകുകയോ അല്ലെങ്കിൽ അതിനൊരു ഗവൺമെന്റ് ക്രമീകരണമോ ഏർപ്പെടുത്തണം. നബാർഡിന്റെ ആർ. ഐ. ഡി. എഫ്. സ്കീമിൽപ്പെട്ട മഞ്ചേരിയിലെ പീടികപ്പാറ-പനമ്പ്ളാവ് റോഡിന്റെ പണി പൂർത്തീകരിക്കണം. തൊഴിലുറപ്പ് പദ്ധതിയിലെ കൂലി വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനംവഴി 1058 തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ 183741 അയൽക്കൂട്ടങ്ങളും 3631006 കുടുംബങ്ങളെയും നെറ്റ്‌വർക്കിൽ കൊണ്ടുവന്നിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗത്തിനാവശ്യമായ ടെക്നിക്കൽ സ്റ്റാഫുകളുടെ കുറവ് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പൊതുമരാമത്ത് വകുപ്പ് കേരളത്തിലെ വികസന രംഗത്ത് ആയിരം കോടി രൂപയുടെ വികസന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ആ പദ്ധതികളുടെ ഭരണാനുമതി ഉൾപ്പെടെയുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മറ്റ് ബന്ധപ്പെട്ട മേഖലയിലെ ഉദ്യോഗസ്ഥരും എം.എൽ.എ. മാരും ചേർന്നുകൊണ്ട് ഇവിടെത്തന്നെ തീരുമാനിക്കുന്ന സ്ഥിതിയിലെത്തിച്ചത് വളരെ ശ്ലാഘനീയമാണ്. കേരളത്തിലെ റോഡുകളുടെ വികസനത്തിന് ദീർഘകാല പ്ലാനിംഗുണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വയനാട് ചുരം ബദൽ റോഡിലെ ഗതാഗതതടസ്സം മാറ്റി ആ റോഡ് ശരിയായ രീതിയിൽ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നിർദ്ദിഷ്ട മലയോര ഹൈവേയിൽ കോഴിക്കോട് ജില്ലയെക്കൂടി ഉൾപ്പെടുത്തണം.

<u>ശ്രീ.പി.സി. ജോർജ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2007 ഏപ്രിൽ മുതൽ 2008 മാർച്ച് വരെയുള്ള സാമ്പത്തികവർഷത്തിൽ ചെലവഴിച്ചതിനോടടുത്ത തുകയാണ് 2008 മാർച്ച് 15 മുതൽ 31 വരെയുള്ള 15 ദിവസം കൊണ്ട് ചെലവഴിച്ചിരിക്കുന്നത്. എങ്ങനെയാണ് ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് ഇത്രയും വലിയ തുക ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കണം. 'കില' എന്ന സ്ഥാപനം കൊള്ളയുടെ കേന്ദ്രമായി മാറിയിരിക്കുകയാണ്. ജനം ആഗ്രഹിക്കുന്ന രൂപത്തിൽ തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ പ്ലാനിംഗ് ബോർഡ് കട്ട് ചെയ്യുന്ന പ്രവണതയ്ക്ക് പരിഹാരം കാണണം. കഴിഞ്ഞ വർഷം 4 പ്രാവശ്യം പദ്ധതി പുതുക്കുന്ന അവസ്ഥയുണ്ടായി. 25 വർഷമായി പൂർത്തിയാകാതെ കിടക്കുന്ന സഹോദരൻ അയ്യപ്പൻ റോഡിന്റെ പണിയും കലൂർ ബൈപാസിന്റെ പണിയും പൂർത്തീകരിക്കണം.

<u>ശ്രീ. പി.എം.എ. സലാം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അധികാരവികേന്ദ്രീകരണത്തിലൂടെ ലഭിച്ച അധികാരം ഉത്തരവാദിത്തത്തോടുകൂടി നിർവ്വഹിക്കുന്നതിനും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ചേരി നിർമ്മാർജ്ജന പദ്ധതി, ഭവന നിർമ്മാണ പദ്ധതി, മാലിന്യ നിർമ്മാർജ്ജന പദ്ധതി എന്നിവ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആവശ്യമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനുമായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കേണ്ടതാണ്. കോഴിക്കോട് നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടി കുഴിച്ച റോഡുകളുടെ റെസ്റ്റൊറേഷൻ പണികൾ നടത്താത്തതുകൊണ്ട് മിക്ക റോഡുകളുടേയും അവസ്ഥ പരിതാപകരമാണ്. റോഡുകളുടെ

സോളിംഗും മെറ്റലിംഗും സമയത്ത് നടക്കാത്ത സാഹചര്യമുണ്ട്. ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വേണ്ടിയുള്ള കോഴിക്കോട് സിറ്റി ഇംപ്രൂവ്മെന്റ് പ്രോജകട് നഗരത്തിന്റെ മുഖഛായ മാറ്റാൻ ഉതകുന്ന പദ്ധതിയാണ്. ഈ പദ്ധതിയുടെ ലാന്റ് അക്വിസിഷൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ശ്രദ്ധചെലുത്തണം. കോഴിക്കോട് നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന റെയിൽവേ ഗേറ്റ് അടച്ചാൽ ഉണ്ടാകുന്ന ഗതാഗത പ്രതിസന്ധി പരിഹരിക്കുന്നതിന് സഹായകരമായ പന്നിയങ്കര റെയിൽവേ ഓവർബ്രിഡ്ജിന്റെ പണിക്ക് അടിയന്തിരമായി ഭരണാനുമതി നൽകണം.

ശ്രീമതി പി. അയിഷാപോറ്റി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വകുപ്പിലെ റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ അഴിമതിക്കിട നൽകാതെ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന തടസ്സങ്ങൾ നീക്കി വളരെ ചിട്ടയായി ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനമാണ് ഇപ്പോൾ നടക്കുന്നത്. തലസ്ഥാനനഗര റോഡ് വികസനത്തിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കാൻ 15 കോടി രൂപ അനുവദിച്ചു. മുൻകാലങ്ങളിൽ പല വർക്കുകളും ടെൻഡർ വിളിക്കാതെയാണ് നടത്തിയിരുന്നതെങ്കിൽ അതിൽനിന്ന് വ്യത്യസ്തമായി ഇപ്പോൾ കാര്യങ്ങളെല്ലാം പഠിച്ച് മനസ്സിലാക്കി യുദ്ധകാലാടിസ്ഥാനത്തിൽ ഓരോ വർക്കുകളും നടക്കുകയാണ്. ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഓരോ പ്രദേശത്തും നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് മനസ്സിലാക്കി കൃത്യമായും ചിട്ടയായും ഗുണമേന്മ പരിശോധിച്ചുകൊണ്ടാണ് പണികൾ നടക്കുന്നത്. പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്തിട്ട് പണിചെയ്യാൻ കഴിയാത്ത പി.ഡബ്ല്യു.ഡി. റോഡുകളും ബഡ്ജറ്റിൽ പെടുത്തിയിട്ടുള്ള മറ്റ് റോഡുകളും സഞ്ചാരയോഗ്യമാക്കണം.

കൊട്ടാരക്കര മണ്ഡലത്തിലെ സിവിൽ സ്റ്റേഷന്റേയും കോർട്ട് കോംപ്ലക്സിന്റേയും പണി പൂർത്തീകരിക്കണം. ചരിത്രത്തിലാദ്യമായി സ്ത്രീകളുടെ പങ്കാളിത്തം തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഇലക്ടഡ് ബോഡികളിൽ വന്ന സാഹചര്യമാണിത്. വളരെ ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ടും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കാതെ പരമാവധി കാര്യങ്ങൾ ചെയ്യാൻ സാധിച്ചു. ജില്ലാ ആസൂത്രണ സമിതികളുടെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകൾ ദീർഘകാലാടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾ കണ്ടുകൊണ്ട് ഓരോ പ്രദേശത്തുമുള്ള ജനങ്ങളുടെ ജീവിതനിലവാരം, പരിസ്ഥിതി പ്രശ്നങ്ങൾ ഇവ ചിട്ടയായി പഠിച്ച് അവയ്ക്ക് വിഘാതം ഉണ്ടാകാത്ത രീതിയിൽ പദ്ധതികൾ തയ്യാറാക്കണം. റോഡ് സൗകര്യമുള്ള സ്ഥലങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കണം. പഞ്ചായത്ത് സെക്രട്ടറി പോസ്റ്റിൽ കഴിവുള്ളവരെ നിയമിക്കണം.

ശ്രീ. പി.ടി.എ. റഹീം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളപ്പിറവിക്കുശേഷം മലബാറിനെ ഏറ്റവുമധികം പിൻതുണച്ച സർക്കാരാണിത്. കോഴിക്കോട് നഗരവികസനത്തിന് വേണ്ടി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ദ്രുതഗതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ആർജ്ജവം കൈവന്നിട്ടുണ്ട്. ഓരോ മണ്ഡലത്തിലും ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികൾക്ക് ഒരു ധാരണയുണ്ടാക്കാൻ ഈ സർക്കാർ എടുത്ത സമീപനം വളരെ പ്രയോജനപ്രദമാണ്. രണ്ട് കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾ നിർദ്ദേശിക്കാൻ എം.എൽ.എ.-മാർക്ക്

അധികാരം നൽകുകവഴി നല്ല ഒരു കീഴ്‌വഴക്കമാണ് സൃഷ്ടിച്ചിട്ടുള്ളത്. പദ്ധതി പണം ചെലവഴിക്കുന്നതിൽ പുരോഗതി കൈവരിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ.വി. കുഞ്ഞിരാമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് കേരളത്തിന്റെ സമഗ്ര പുരോഗതിക്ക് ഉപകരിക്കുന്ന നിലയിൽ അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണ പ്രക്രിയയും ഫലപ്രദമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകുകയാണ്. പഞ്ചായത്ത്‌രാജ്-നഗരപാലിക ബിൽ അവതരിപ്പിക്കപ്പെട്ടതിനുശേഷം അധികാരം താഴെത്തട്ടിലേക്ക് നൽകുന്നതിന് മടികൂടാതെ പരിശ്രമിച്ചത് 1996 മുതൽ 2001 വരെ ഭരിച്ച എൽ.ഡി.എഫ്. ഗവൺമെന്റാണ്. പദ്ധതിവിഹിതത്തിന്റെ 40 ശതമാനം തുക കൃത്യമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി. ജനകീയ പങ്കാളിത്തത്തോടെയുള്ള വികസനപ്രക്രിയ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി പരിശ്രമിച്ചു. പദ്ധതികൾ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന്റെ ഭാഗമായി പലപ്പോഴും സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാത്ത പോരായ്മയുണ്ടെന്നുള്ളത് മനസ്സിലാക്കി ഇത്തവണ രണ്ട് ഘട്ടങ്ങളിലായി പദ്ധതി സമർപ്പിക്കാനാവശ്യമായ അവസരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി. കുറവുകൾ എന്താണെന്ന് കണ്ടെത്തി യഥാസമയം ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഈ ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിച്ചിട്ടുണ്ട്. അതിനാൽ ക്യാരി ഓവർ ഇല്ലാതെ സമയബന്ധിതമായി പണികൾ പൂർത്തീകരിക്കാൻ കഴിയുന്നുണ്ട്. സംസ്ഥാനം ലോകത്തിന് സമ്മാനിച്ച മഹത്തായ മാതൃകയാണ് കുടുംബശ്രീ പദ്ധതി. ഓരോ സ്വയം സഹായസംഘത്തേയും ഉൽപ്പാദന യൂണിറ്റാക്കി

മാറ്റുകയും കാർഷിക/കാർഷികേതര മേഖലകളിൽ ഇടപെടലുകൾ നടത്തുകയും ചെയ്തതിന്റെ ഭാഗമായി 825 കോടി രൂപ ഈ പദ്ധതിയിലൂടെ സമാഹരിക്കാൻ കഴിഞ്ഞു. കുടുംബശ്രീ പദ്ധതി നാടിന്റെ വികസന പ്രകിയയിലും ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്തും സ്ത്രീ ശാക്തീകരണ രംഗത്തും ഫലപ്രദമായ ഇടപെടലുകൾ നടത്തുമ്പോൾ അതിനെ അട്ടിമറിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കേരളത്തിന്റെ വികസന രംഗത്ത് ഒട്ടേറെ വിലപ്പെട്ട സംഭാവനകൾ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമായിട്ടാണ് തദ്ദേശസ്വയംഭരണ വകുപ്പും പൊതുമരാമത്ത് വകുപ്പും മുന്നോട്ടുപോകുന്നത്. ഗതാഗതത്തിന് തൊണ്ണൂറ് ശതമാനവും റോഡുകളെ ആശ്രയിക്കുന്ന സംസ്ഥാനത്ത് നല്ല റോഡുകൾ വികസിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ആകെ 1,60,944 കിലോമീറ്റർ റോഡുകളുള്ളതിൽ 67 ശതമാനവും പഞ്ചായത്ത് റോഡുകളാണ്. കുറേ റോഡുകൾകൂടി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് വികസിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഓരോ ഘട്ടത്തിലും ദേശീയപാത വികസനത്തിന് കേന്ദ്രം അനുവദിക്കുന്ന ഫണ്ട് കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നുള്ളത് വസ്തുതയാണ്. സംസ്ഥാനത്തെ റോഡുകളെ ഇൻഡ്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന ഗുണനിലവാരത്തിലേയ്ക്ക് ഉയർത്തണം. പ്രോജക്ട് അപ്രൈസൽ ഡോക്യുമെന്റ് പ്രകാരം കഴിഞ്ഞ ഭരണകാലത്ത് പദ്ധതി വിഹിതമായ 386 കോടി രൂപയ്ക്ക് പകരം 821 കോടി രൂപ ചെലവാക്കിയതുകൊണ്ടാണ് റോഡ് നിർമ്മാണ രംഗത്ത് പ്രതിസന്ധി നേരിട്ടത്. കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം

യഥാസമയം അക്വയർ ചെയ്തുകൊടുക്കുന്നതിൽ കഴിഞ്ഞ ഗവൺമെന്റ് പരാജയപ്പെട്ടു. മലയോര ഹൈവേ യാഥാർത്ഥ്യമാക്കുന്നതിനായി പാലക്കാട് മുതൽ തിരുവനന്തപുരം വരെയുള്ള അലൈൻമെന്റ് ഫിക്സ് ചെയ്തുകൊടുക്കുന്നതിൽ വരുത്തിയ വീഴ്ച പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ജനോപകാരപ്രദമായ നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ് :ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് 127 കിലോമീറ്റർ ദൈർഘ്യമുള്ള നാല് റോഡുകളുടെ നിർമ്മാണ പ്രവർത്തനം പതിബെൽ കമ്പനിയെ ഏൽപ്പിക്കുകയും 55 ശതമാനം നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തുമെന്നും കമ്പനിയുടെ കുടിശ്ശികത്തുക നൽകുകയില്ലെന്നുമുള്ള സമീപനമാണ് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചത്. പ്രസ്തുത കമ്പനിയുമായി ഈ ഗവൺമെന്റ് റീ-ടെണ്ടർ നടത്തിയപ്പോൾ 75 ശതമാനം തുക അധികമായി ആവശ്യപ്പെടുകയും 72.50 ശതമാനത്തിന് ഉറപ്പിക്കുകയും ചെയ്തു. 35 കോടി രൂപ ആർബിട്രേഷൻ നടപടികൾക്കുവേണ്ടി അധികമായി കൊടുക്കേണ്ടി വരികയും ഈ കാലഘട്ടത്തിൽ റോഡിന്റെ അറ്റകുറ്റപണികൾക്കുവേണ്ടി മൂന്ന് കോടി രൂപ ചെലവഴിക്കുകയും ചെയ്തു. വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ബസ് ചാർജ്ജ് എന്നിവ വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഈ ഗവൺമെന്റ് നടത്തുന്നത് ധനദുർവിനിയോഗമാണ്. പഞ്ചായത്തുകളിൽ പ്ലാൻ ഫണ്ട് ചെലവഴിക്കാൻ കഴിയാതെ ലാപ്സായി

പോകുന്ന സാഹചര്യം നിലനിൽക്കുന്നു. 80 ശതമാനം തുക ചെലവഴിച്ചുവെന്ന് പറയുന്നത് ബുക്ക് അഡ്ജസ്റ്റുമെന്റ് മാത്രമാണ്. എൽ.ഡി.എഫ്. പ്രതിപക്ഷത്തായിരുന്നപ്പോൾ എ.ഡി.ബി. വായ്പയെ എതിർക്കുകയും ഭരണപക്ഷത്തു വന്നപ്പോൾ 1420 കോടി രൂപ പ്രസ്തുത ഇനത്തിൽ വായ്പ വാങ്ങാൻ തയ്യാറാകുകയും ചെയ്തിരിക്കുന്നു. ആ വഴിക്ക് ചിന്തിക്കുകയാണെങ്കിൽ കുറേ വർഷങ്ങൾ കഴിയുമ്പോൾ ആണവ കരാറിനേയും അനുകൂലിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവു മില്ല. ഇൻഡ്യയുടെ ദേശീയ പരാമാധികാരത്തെ ഒരു തരത്തിലും പണയ പ്പെടുത്താൻ തയ്യാറല്ലെന്ന് കാണിക്കുന്ന ഡ്രാഫ്റ്റ് ആണവ എഗ്രിമെന്റാണ് ഇപ്പോൾ ഐ.എ.ഇ.എ.-യ്ക്ക് ഇൻഡ്യാ ഗവൺമെന്റ് കൈമാറിയിരിക്കുന്നത്.

<u>ശ്രീ. വി. ശശികുമാർ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാ നത്തെ പി.ഡബ്ള്യു.ഡി. റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കി. പി.ഡബ്ള്യു.ഡി കരാറുകാരുടെ കുടിശ്ശിക വലിയൊരളവ്വരെ കൊടുത്തു തീർത്തു. എല്ലാ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.മാർ സജസ്റ്റ് ചെയ്യുന്ന രണ്ട് പി.ഡബ്ള്യു.ഡി. പ്രവൃത്തികൾക്ക് ഭരണ-പ്രതിപക്ഷ ഭേദമെന്യേ മുൻഗണന നൽകി എ.എസ്.നൽകാൻ തീരുമാനിച്ചു. ഇത് നടപ്പാക്കുന്നതിന് പി.ഡബ്ള്യു.ഡി ഉദ്യോഗസ്ഥ തലത്തിൽ മോണിറ്ററിംഗിനുള്ള സംവിധാനമുണ്ടാകണം. പെരിന്തൽമണ്ണ മണ്ഡലത്തിലെ ബൈപ്പാസ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലിന്മേൽ എത്രയും വേഗം തീർപ്പ് ഉണ്ടാകണം. പഞ്ചായത്ത് വകുപ്പിന് പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടാക്കാൻ തീരുമാനമെടുത്തു. സാമൂഹ്യക്ഷേമ വകുപ്പിനേയും പഞ്ചായത്ത് വകുപ്പിനേയും സംയോജിപ്പിച്ചുകൊണ്ട് കോമൺ സർവ്വീസ്

ആരംഭിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. പഞ്ചായത്ത് തലത്തിൽ സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് അഴിമതി തടയാൻ നടപടികൾ സ്വീകരിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ജനന-മരണ സർട്ടിഫിക്കറ്റുകളുടെ രജിസ്ട്രേഷന് കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കി. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നു. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിക്ക് തുടക്കം കുറിച്ചു. സ്ത്രീകളുടെ വരുമാനം ഉറപ്പാക്കുന്നതിനും കർഷക ആത്മഹത്യയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും ദേശീയ തൊഴിലുറപ്പ് പദ്ധതി വഴി സാധിച്ചു. കുടുംബശ്രീ പദ്ധതി വഴി സ്ത്രീകളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും അവരിൽ സ്വാശ്രയത്വം ഉണ്ടാക്കുന്നതിനും സാധിച്ചു. ചുരുങ്ങിയകാലംകൊണ്ട് ഹജ്ജ് ഹൗസിന്റെ പണി പൂർത്തിയാക്കി. സച്ചാർ കമ്മിറ്റി ശുപാർശ പ്രകാരം മുസ്ലീം ന്യൂനപക്ഷത്തിന്റ പ്രശ്നങ്ങൾ പരിശോധിക്കാൻ സെക്രട്ടേറിയറ്റിൽ പ്രത്യേക സെല്ലിന് രൂപം നൽകി.

ശ്രീ. കെ. അജിത്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഒട്ടേറെ വികസനോന്മുഖമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ രണ്ടുവർഷക്കാലംകൊണ്ട് സംസ്ഥാന ഗവൺമെന്റിനു കഴിഞ്ഞു. കക്ഷി രാഷ്ട്രീയഭേദമെന്യേ എല്ലാ എം.എൽ.എ. മാർക്കും പണം അനുവദിക്കുക വഴി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ മുടങ്ങിക്കിടന്നിരുന്ന റോഡുകളുടെയും പാലങ്ങളുടെയും പണികൾ പൂർത്തീകരിക്കാനും സഞ്ചാരയോഗ്യമാക്കാനും കഴിഞ്ഞു. എം.സി. റോഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ ഗവൺമെന്റിനു കഴിഞ്ഞു എന്നത് അഭിനന്ദനാർഹമായ കാര്യമാണ്. തിരുവനന്തപുരം നഗരവികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവൺമെന്റിന്റെ സജീവമായ ഇടപെടലുകളുണ്ടായി. കാലവർഷം മൂലം

നശിച്ചു പോയ റോഡുകൾ പുനരുദ്ധരിക്കാൻ കഴിഞ്ഞു. ശബരിമല റോഡുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കി. പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. വൈക്കം റസ്റ്റ് ഹൗസിന്റെ പുനഃരുദ്ധാരണ പ്രവർത്തനം അടിയന്തിരമായി നടത്തണം. കരാറുകാരുടെ കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കണം. വൈക്കം നിയോജകമണ്ഡലത്തിലെ മിനി സിവിൽ സ്റ്റേഷന്റെ പണി എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. നെടുമ്പാശ്ശേരി സീ പോർട്ട്-എയർപോർട്ട് റോഡ് കുമരകത്തേയ്ക്ക് നീട്ടാൻ നടപടി സ്വീകരിക്കണം. റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകൾ പരിഗണിക്കുകയും സമയബന്ധിതമായി നടപ്പാക്കാൻ ഉത്തരവ് പുറപ്പെടുവിക്കുകയും വേണം. ജനകീയാസൂത്രണ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കണം. റവന്യൂ ഡിപ്പാർട്ടുമെന്റും പഞ്ചായത്തുമായി ആലോചിച്ചുകൊണ്ട് പഴയ നിലങ്ങൾ പുരയിടങ്ങളാക്കി മാറ്റിയ സ്ഥലങ്ങളിൽ സാധാരണക്കാർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുവാദം നൽകണം. എസ്.സി./എസ്.ടി. ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. എ.സി. മൊയ്തീൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും വിളനിലമായിരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളേയും പൊതുമരാമത്തു വകുപ്പിനേയും സമയോചിതമായ ഇടപെടലുകളിലൂടെയും ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെയും പുനഃസംഘടിപ്പിക്കുന്നതിനും കെ.എസ്.ടി..പി.. പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് സജീവമായി പരിഹാരം കണ്ടെത്തുന്നതിനും കഴിഞ്ഞു.

കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിച്ചു. ടെൻഡർ അംഗീകരിക്കുന്നതിൽ വരുത്തുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ശാസ്ത്രീയമായ രീതി അവലംബിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി അധികച്ചെലവ് ഒഴിവാക്കാൻ നടപടികളുണ്ടാകണം. തടസ്സപ്പെട്ടു കിടക്കുന്ന മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. ആർ.ബി.ഡി..സി.(റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ)-യുടെ നേതൃത്വത്തിലുള്ള പാലങ്ങളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ പണം അനുവദിക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. തിരുവനന്തപുരം തലസ്ഥാന വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. ജനകീയാസൂത്രണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം ഏൽപ്പിച്ചു കൊടുക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. സാമ്പത്തിക വികസനം, സാമൂഹ്യ നീതി, കാർഷികോല്പാദന വർദ്ധനവ്, എല്ലാവർക്കും വീട് തുടങ്ങിയ വിവിധ രംഗങ്ങളെ തമ്മിൽ ഏകോപിപ്പിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. ഡി.ആർ.ഡി.എ. ജില്ലാ പഞ്ചായത്തിന്റെ കീഴിലാക്കി. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അവകാശങ്ങളെ കവരുന്ന വികസന സമിതികളുടെ പ്രവർത്തനങ്ങൾ നിർത്തലാക്കി. ക്ലീൻ കേരളാ മിഷനും സാനിട്ടേഷൻ മിഷനും ഏകോപിപ്പിക്കാൻ കഴിഞ്ഞു.സമ്പൂർണ്ണ ശുചിത്വ മേഖലയായി കേരളത്തെ പ്രഖ്യാപിക്കാൻ കഴിഞ്ഞു. ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കഴിഞ്ഞു. ജനപ്രതിനിധി

കളുടെ അവകാശങ്ങളും അധികാരങ്ങളും സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചു. പഞ്ചായത്തുകളുടെ വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. കേരളത്തിലെ പഞ്ചായത്തുകൾക്ക് അർഹമായ പദ്ധതിവിഹിതം നൽകാൻ ഗവൺമെന്റ് തയ്യാറായി. കേരളത്തിലെ പഞ്ചായത്തു ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സ്ഥലം മാറ്റത്തിന് ഒരു പുതിയ മാനദണ്ഡം സൃഷ്ടിക്കാനും കഴിഞ്ഞു. കുടുംബശ്രീ പദ്ധതി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കണം. ആണവ പ്രശ്നവുമായി ബന്ധപ്പെട്ട് മുസ്ലീം ലീഗിന്റെ ആശങ്ക വ്യക്തമാക്കണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്ന് 10 കൊല്ലം കഴിഞ്ഞിട്ടും ഒരു അസെറ്റ് രജിസ്റ്റർപോലും ഉണ്ടാക്കാനോ ഉല്പാദനം വർദ്ധിപ്പിക്കാനോ പഞ്ചായത്തുകൾക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് തിരുത്തുന്നതിന് സംവിധാനം ഉണ്ടാകണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കാൻ നടപടിയുണ്ടാകണം. യാതൊരു തത്വദീക്ഷയുമില്ലാത്ത അബദ്ധജഡിലമായ ഫോർമുലയാണ് വികസന കാര്യത്തിൽ തയ്യാറാക്കിയിട്ടുള്ളത്. മരാമത്ത് വകുപ്പിൽനിന്ന് പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ പാടെ നിലച്ചിരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര രൂപ ചെലവഴിച്ചു എന്ന കണക്കുപോലും കൃത്യമായി പറയാൻ ആ വകുപ്പിന് സാധിക്കുന്നില്ല. കഴിഞ്ഞ 10 കൊല്ലത്തെ കണക്കുകൾ വൺടൈം ഫൈനലൈസേഷൻ നടപടിയിലൂടെ എഴുതിയുണ്ടാക്കാൻ പോകുകയാണ്. ഇതിനൊരു പരിഹാരം ഉണ്ടാകണം. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കേന്ദ്രം അനുവദിച്ച

തുകയിൽ 100 കോടി രൂപ മാത്രമേ ഈ സർക്കാരിന് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. എല്ലാ വികസന പ്രവർത്തനങ്ങളും പഞ്ചായത്തുകളെ ഏല്പിക്കുന്നതുമൂലം ഒന്നും ചെയ്യാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടാക്കിയിരിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : കേന്ദ്രം അനുവദിച്ച തുകയിൽ 100 കോടി രൂപയേ മെയിന്റനൻസിനുവേണ്ടി ചെലവഴിച്ചിട്ടുള്ളൂവെന്നത് വസ്തുതാവിരുദ്ധമാണ്. ഈ മാസം ബിൽഡിംഗ്സ്, ഇറിഗേഷൻ എന്നിവയുടെ പേമെന്റ് കൺകറന്റ് ആക്കുന്നതാണ്. ഇലക്ട്രിസിറ്റി ബോർഡിനുള്ള കുടിശ്ശിക ഈ വർഷം തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ വർഷം കേന്ദ്രത്തിൽനിന്ന് കിട്ടേണ്ട പണം പൂർണ്ണമായും വാങ്ങിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : കാർഷിക രംഗത്ത് ഉല്പാദനം വർദ്ധിപ്പിച്ച് പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടുത്തുക; മാലിന്യപ്രശ്നം പരിഹരിച്ച് സമ്പൂർണ്ണ ശുചിത്വ കേരളം എന്നുള്ള ലക്ഷ്യം കൈവരിക്കുക; വീടില്ലാത്തവർക്ക് സ്ഥലവും വീടും നൽകുക എന്നിവ സാധ്യമാകത്തക്ക രീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കുറെ കാര്യങ്ങൾ പൂർത്തിയാക്കുകയും അവശേഷിക്കുന്നവ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരുടെ അഭാവത്തിന് പരിഹാരം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. ഗ്രാമ വികസന വകുപ്പ്, നഗരസഭകൾ, പഞ്ചായത്തുകൾ എന്നിവ സംയോജിപ്പിച്ച് ഒരു വകുപ്പ് ആക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മേയർമാരുടെ

പ്രവർത്തന സൗകര്യത്തിനുവേണ്ടി വളരെക്കാലമായി ആവശ്യപ്പെട്ടിരുന്ന പി.എ. തസ്തിക ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചു. 21 പഞ്ചായത്തുകളിൽ ഹെഡ്ക്ലാർക്ക് തസ്തികയും കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകളിൽ അധിക തസ്തികയും അനുവദിച്ചു. പഞ്ചായത്തിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാരുടെ ഭാരിച്ച ജോലി കണക്കിലെടുത്ത് ടെലിഫോൺ അലവൻസ് അനുവദിക്കുകയും തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിക്കുകയും ചെയ്തു. ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് പൊതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ സ്ഥലംമാറ്റം നിർണ്ണയിക്കുന്നതിലൂടെ പരാതികൾ ഇല്ലാതായിട്ടുണ്ട്. പഞ്ചായത്തുതോറും ജനസേവന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. കെട്ടിട നികുതി ഒറ്റത്തവണ തീർപ്പാക്കുന്നതിലൂടെ പിഴ ഒഴിവാക്കി നികുതി അടയ്ക്കാനുള്ള അവസരം ഉണ്ടാക്കി. വികസന അതോറിറ്റിയിൽ നിന്ന് ഭവന വായ്പ എടുത്തിട്ടുള്ള മുഴുവൻ ആളുകൾക്കും പിഴപ്പലിശ ഒഴിവാക്കി. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടപ്പിലാക്കി. പൊതു ടാപ്പുകൾ മാത്രമുള്ള എല്ലാ കുടിവെള്ള പദ്ധതികളുടേയും വൈദ്യുതിച്ചെലവും നടത്തിപ്പ് ചെലവും പഞ്ചായത്തുകൾ സ്വയം ഏറ്റെടുത്തു. ലൈസൻസ് ഫീസിലുള്ള പിഴ ക്രമീകരിക്കുകയും നികുതി കുടിശ്ശികയിന്മേലുള്ള പിഴപ്പലിശ പകുതിയായി കുറയ്ക്കുകയും ചെയ്തു. 300 ചതുരശ്ര അടിയുള്ള വാസഗൃഹങ്ങളെ കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കി. തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി വയനാട്, പാലക്കാട്

ജില്ലകളിൽ ആകെ കിട്ടിയിട്ടുള്ള തൊഴിൽ ദിനങ്ങൾ 80.97 ലക്ഷവും സ്ത്രീകളുടെ തൊഴിൽ ദിനങ്ങൾ 56.83 ലക്ഷവും കൂലിയായി നൽകിയത് 96.15 കോടി രൂപയുമാണ്. ഈ പദ്ധതിയിൽ 17 ലക്ഷത്തോളം പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോൺട്രാക്ടർമാരേയും ഇടത്തട്ടുകാരേയും ഒഴിവാക്കി എന്നതാണ് ഇതിന്റെ പ്രത്യേകത. പദ്ധതി നടത്തിപ്പിൽ കുടുംബശ്രീയുടേയും എ.ഡി.എസ്സ്.-ന്റേയും സജീവ പങ്കാളിത്തമുണ്ട്. വയനാട് ജില്ലയിലെ പദ്ധതി പ്രവർത്തനങ്ങളെ കേന്ദ്ര ഗവൺമെന്റ് പ്രശംസിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ സജീവമായി ഇടപെടാൻ സാധിക്കാത്ത ചില വ്യവസ്ഥകളുണ്ട്. ഇത് ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും അംഗീകരിക്കപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിൽക്കൂടി ഭവനനിർമ്മാണത്തിനുവേണ്ടി അനുവദിക്കുന്ന തുകകൂടി ഏകോപിപ്പിച്ചു കൊണ്ട് ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി 3 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. 2007-2008-ൽ 65,180 വീടുകൾ നിർമ്മിച്ചു നൽകി. കാർഷിക മേഖലയിൽ 40 ശതമാനം തുക ചെലവഴിച്ചുകൊണ്ട് ഇടപെടാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ കൃഷിക്കാർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾക്കുപുറമേ ഒരേക്കർ ഭൂമി കൃഷി ചെയ്യുന്നതിന് ആയിരം രൂപ അധികം കൊടുക്കുന്നതിനു വേണ്ടി പഞ്ചായത്തുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പാടശേഖര സമിതികൾക്ക് ട്രാക്ടർ, ഞാറ് നടീൽ യന്ത്രം, കൊയ്ത്ത് യന്ത്രം എന്നിവ ജില്ലാപഞ്ചായത്തിന്റെ അധീനതയിൽ അതാത് പ്രദേശങ്ങളിൽ എത്തിക്കുന്നതിനുള്ള സംവിധാനവുമുണ്ട്. പച്ചക്കറിക്കൃഷിക്കുവേണ്ടി അടുക്കളത്തോട്ടം നിർമ്മിക്കുകയും ഓരോ

പഞ്ചായത്തിലും കുറേസ്ഥലം ഏറ്റെടുത്ത് അതിനാവശ്യമായ എല്ലാ സഹായങ്ങളും തദ്ദേശസ്ഥാപനങ്ങൾ ചെയ്യണമെന്നും തീരുമാനിച്ചിട്ടുണ്ട്. ജവഹർലാൽ നെഹ്റു നഗര പുനരുദ്ധാരണ പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം-കൊച്ചി എന്നീ ജില്ലകൾക്ക് യഥാക്രമം 327.13 കോടി രൂപയും 377.48 കോടി രൂപയും ലഭ്യമായിട്ടുണ്ട്. ഗ്രാമവികസന പദ്ധതികൾക്ക് 638.91 കോടി രൂപയുടെയും നഗര വികസന പദ്ധതികൾക്ക് 3150 കോടി രൂപയുടെയും കേന്ദ്രാവിഷ്കൃത പദ്ധതി ലഭ്യമായിട്ടുണ്ട്. ഏറ്റവും കൂടുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള കാലഘട്ടമാണിത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 837.4 കി.മീ. ദൈർഘ്യമുള്ള 450 റോഡുകൾ നിർമ്മിക്കുന്നതിനാണ് കേന്ദ്രാനുമതി ലഭിച്ചതെങ്കിൽ കഴിഞ്ഞ രണ്ട് കൊല്ലം കൊണ്ട് 294.21 കോടി രൂപയുടെ 733 കി.മീ. ദൈർഘ്യമുള്ള 322 റോഡുകൾ നിർമ്മിക്കുന്നതിനാണ് കേന്ദ്രാനുമതി ലഭിച്ചത്. 2007-08-ൽ 890 കി.മീ. ദൈർഘ്യമുള്ള റോഡുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിലേയ്ക്കായി ജില്ലകളിൽ നിന്ന് സമർപ്പിച്ച 2346 കി.മീ. റോഡിനുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ വർഷം 100 കോടി രൂപ ചെലവിടുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2008-09-ലെ 500 കോടി രൂപയുടെ 1083 കി.മീ. ദൈർഘ്യമുള്ള 396 റോഡുകളുടെ പണി അവസാന ഘട്ടത്തിലാണ്. ‘കുടുംബശ്രീ’ പദ്ധതികൾ വിപുലമായ രീതിയിൽ ആവിഷ്ക്കരിക്കാനും നാല് ജില്ലകളിൽ പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടത്താനും എല്ലാ ജില്ലകളിലും ‘സമഗ്ര’ പോലുള്ള പദ്ധതികൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ചേരി നിർമ്മാർജ്ജന പ്രവർത്തന രംഗത്ത് വലിയ പുരോഗതി നേടാൻ

സാധിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി വീടൊന്നിന് 80,000 രൂപ നൽകുന്ന ചേരി വികസന പ്രോജക്ടുകൾ 26 നഗരങ്ങളിൽ ഇപ്പോൾ നടപ്പാക്കി വരുന്നുണ്ട്. 8043 വീടുകൾ ലക്ഷ്യമിട്ടിരിക്കുന്നതിൽ 4243 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടത്തിലായി പുരോഗമിച്ചു വരുന്നു. ഹജ്ജിന് പോകുന്ന അപേക്ഷകരുടെ എണ്ണം നോക്കി ക്വാട്ട അനുവദിക്കണമെന്നും സെലക്ഷൻ രീതിയിൽ മാറ്റം വരുത്തണമെന്നും നിരന്തരമായി കേന്ദ്ര ഹജ്ജ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടും പരിഹാരം കാണാൻ സാധിച്ചില്ലെന്നത് പ്രയാസം സൃഷ്ടിക്കുകയാണ്. പദ്ധതിത്തുക വിവിധ ഘട്ടങ്ങളിലായി നൽകി പദ്ധതിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പരമാധികാരത്തിനും താൽപ്പര്യങ്ങൾക്കും ദോഷകരമല്ലാത്ത രീതിയിലാക്കിയാണ് എ.ഡി.ബി. കരാറിൽ ഒപ്പിട്ടത്. ബി.പി.എൽ. ലിസ്റ്റിലെ അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. അനർഹരായവർ ലിസ്റ്റിൽ കടന്നു കൂടിയതും അർഹരായവർ ലിസ്റ്റിൽ നിന്ന് പുറത്തായതും സംബന്ധിച്ചുള്ള കാര്യങ്ങൾ ഗ്രാമസഭകളിൽ ഉന്നയിക്കാവുന്നതാണ് ഇത് സംബന്ധിച്ച് കളക്ടർക്ക് പരാതി നൽകാവുന്നതുമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കാലാവസ്ഥാ വ്യതിയാനത്തിലെ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തി ഈ വർഷം സർക്കാർ റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ആത്മാർത്ഥമായ നടപടികൾ സ്വീകരിച്ചു. തലസ്ഥാന നഗര വികസന

പദ്ധതികൾ പുനരാരംഭിക്കാൻ സാഹചര്യമൊരുക്കി. ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ വൈദ്യുതി പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും മാറ്റേണ്ടതായിട്ടുണ്ട്. ഇതിനകം 815 വൈദ്യുതി പോസ്റ്റുകളും 18 ട്രാൻസ്ഫോർമറുകളും മാറ്റിക്കഴിഞ്ഞു. തലസ്ഥാനത്ത് ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കുന്നതാണ്. ബേക്കറി ജംഗ്ഷൻ ഫ്ളൈ ഓവർ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി എം.സി. റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. പാലക്കാട്-ഷൊർണ്ണൂർ, തൃശ്ശൂർ - കുറ്റിപ്പുറം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. വെണ്ടുരുത്തി പാലവും, തകഴി പാലവുമുൾപ്പെടെ ഏതാണ്ട് ഇരുപത്തിയഞ്ചോളം പാലങ്ങളുടെ പണി പൂർത്തിയാക്കി അവ തുറന്നു കൊടുക്കുന്ന സാഹചര്യമൊരുക്കി. തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിന്റെ പുതിയ മന്ദിരം നാളെ തുറന്നുകൊടുക്കും. നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെയുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചത്. 837 കിലോമീറ്റർ ദൈർഘ്യത്തിൽ എൻ.എച്ച്. 47-ഉം എൻ.എച്ച്. 17-ഉം നാലുവരിപ്പാതയാക്കുന്നതിന് ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. റോഡ് വികസന കാര്യത്തിൽ ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. പാലക്കാട്-കോഴിക്കോട്, കോഴിക്കോട് - തേനി തുടങ്ങിയ ദേശീയ പാതകളുടെ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽ പ്രൊപ്പോസൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവയുടെ സാധ്യതകൾ സംബന്ധിച്ച് ചർച്ചകൾ നടത്തി

വരികയാണ്. ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് ഫലപ്രദമായി നടപ്പാക്കുന്നതിന് ജനപ്രതിനിധികളുടെ സഹകരണം ആവശ്യമാണ്. കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽപ്പെടുത്തി സംസ്ഥാനത്തെ 327 കിലോമീറ്റർ റോഡുകൾക്കായി 1200 കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കാസർഗോഡ്-കാഞ്ഞങ്ങാട്, ചെങ്ങന്നൂർ-കോട്ടയം, കോട്ടയം-കുറവിലങ്ങാട്-മൂവാറ്റുപുഴ തുടങ്ങിയ സ്ഥലങ്ങളിൽ റോഡ് ഐഡന്റിഫൈ ചെയ്ത് ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. കെ.എസ്.ടി.പി.-യിലുൾപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഭാഗികമായി പൂർത്തിയാവുകയും ചെയ്ത റോഡുകളുടെ കാര്യത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ഭൂമി ലഭ്യമാണെങ്കിൽ നിലമ്പൂർ-പെരുമ്പിലാവ് റോഡ് പ്രവൃത്തി പരിഗണിക്കുന്നതാണ്. 1157 കിലോമീറ്റർ ദൈർഘ്യമുള്ള മലയോര ഹൈവേ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പാലക്കാട്-കാസർഗോഡ് വരെയുള്ള അലൈൻമെന്റ് നിശ്ചയിച്ചത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. പാലക്കാട് മുതൽ തിരുവനന്തപുരം വരെയുള്ള അലൈൻമെന്റ് നിശ്ചയിക്കാനുള്ള സാഹര്യമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാൻ നാട്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു ബൃഹത് പദ്ധതി എന്ന നിലയ്ക്ക് കുറേ ജില്ലകളിലെങ്കിലും വിവിധ റീച്ചുകളാക്കി ഇത് പൂർത്തിയാക്കണമെന്നാണ് കരുതുന്നത്. ഇടപ്പള്ളി-കുറ്റിപ്പുറം റോഡിനു വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതാണ്. മറ്റ് റോഡുകളുടെ വികസനത്തിനായി 380 കോടി രൂപയ്ക്ക് നബാർഡ് പദ്ധതി പ്രകാരം ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ബഡ്ജറ്റ് അലോക്കേഷൻ വഴി ലഭിച്ച അധിക

തുക മോശമായ റോഡുകളുടെ പുനരുദ്ധാരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വിനിയോഗിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനും പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നവയുടെ പൂർത്തികരണത്തിനുമായുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒറ്റപ്പാലം-മായന്നൂർ പാലം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കും. കൊല്ലം ബൈപാസ്സിനെ സംബന്ധിച്ച് ആ ജില്ലയിലെ ബന്ധപ്പെട്ട മന്ത്രിമാരേയും എം. പി. മാരേയും വിളിച്ചുകൂട്ടി ഗവൺമെന്റ് വിശദമായ ചർച്ച നടത്തിയിട്ടുണ്ട്. ദേശീയ പാതകളുടെ വികസനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പദ്ധതികളുടെ ഭാഗമായിട്ടാണ് കൊല്ലം, ആലപ്പുഴ, തലശ്ശേരി, കൊടുങ്ങല്ലൂർ തുടങ്ങിയ വിവിധ ബൈപാസ്സുകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ചില വികസന പരിപാടികൾ നടക്കുന്നതുകൊണ്ട് ബൈപ്പാസ് നിർമ്മാണത്തിൽനിന്ന് ആലപ്പുഴയെ ഒഴിവാക്കുന്ന നിർദ്ദേശം വന്നതിനാൽ അക്കാര്യത്തിൽ യോജിച്ച ഒരു തീരുമാനമെടുക്കേണ്ടതുണ്ട്. തുടർനടപടികൾ എത്രയുംവേഗം സ്വീകരിച്ചില്ലെങ്കിൽ ആലപ്പുഴ ബൈപാസ്സിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കാൻ കഴിയാതെവരും. ബൈപ്പാസ്സുകളുടെ വികസനത്തിന് ഗവൺമെന്റ് വ്യക്തമായ ധാരണ ഉണ്ടാക്കിയിട്ടുണ്ട്. കേരളത്തിലെ 30 ബൈപ്പാസ്സുകളുടെ പ്രൊപ്പോസലുകൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഈ വർഷംതന്നെ പുതിയ കുറേ ബൈപ്പാസ്സുകളുടെ നിർമ്മാണം ആരംഭിക്കാൻ കഴിയും. അലൈൻമെന്റുകൾ സംബന്ധിച്ച് പൊതുസ്വഭാവത്തിൽ തീർക്കാനുള്ള നടപടിക്ക് അന്തിമരൂപം

നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്. കോഴിക്കോട് നഗര വികസന പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കും. 20 കോടി രൂപയുടെ ലാന്റ് അക്വിസിഷനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷന് പ്രത്യേക യൂണിറ്റ് തുടങ്ങാനുള്ള തീരുമാനവും ഗവൺമെന്റ് തലത്തിൽ എടുത്തിട്ടുണ്ട്. കൊച്ചിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ഫ്ളൈ ഓവറിന്റെ പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. സീപോർട്ട്-എയർപോർട്ട് റോഡ് അങ്കമാലി-കരയാപ്പറമ്പ് വരെയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നെടുമ്പാശ്ശേരി -കോട്ടയം-കുമരകം റോഡ്, കാക്കനാട്-തെങ്ങളം റോഡ്, നെടുമ്പാശ്ശേരി-കൊടൈക്കനാൽ റോഡ്, വയനാട് ചുരം ബദൽ റോഡ് തുടങ്ങിയവ ഏറ്റെടുക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. മൂവായിരം കോടി രൂപയുടെ മൂലധന നിക്ഷേപമുള്ള ബൃഹത്തായ നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന രീതിയിലുള്ള വ്യക്തമായ ഒരു കാഴ്ച്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. കേരളത്തിന്റെ ഭാവി റോഡ് വികസനത്തിന് വ്യക്തമായ റോഡ് പോളിസി ആവിഷ്ക്കരിക്കേണ്ടതുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഒരു ദേശീയ ഏജൻസിയെക്കൊണ്ട് കേരളത്തിന്റെ ഭാവി റോഡ് വികസന സാദ്ധ്യതകൾ പരിശോധിക്കാനുള്ള സമഗ്രമായ പഠനത്തിന് ഗവൺമെന്റ് രൂപം നൽകുന്നതാണ്. ഒ. ഡി. ആർ., എം. ഡി. ആർ. എന്നിവയുടെ കാര്യത്തിൽ നിയമസഭാ കമ്മിറ്റി ശുപാർശ ചെയ്തത് ആറായിരം കിലോമീറ്റർ റോഡാണ്. നേരത്തെ 13000 കി. മീ. റോഡുകളാണ് ഉൾപ്പെടുത്തിയിരുന്നത്. പഞ്ചായത്ത് രാജ് ആക്ട് പാസ്സായതിനെത്തുടർന്ന് ആ റോഡുകൾ ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണ്. എം. എൽ. എ.-മാർ

മുൻഗണനാക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കിത്തന്നാൽ മാത്രമേ സമയബന്ധിതമായി അവ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഒരു ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് ഇത് മോണിറ്റർ ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിന്റെ ഗുണനിലവാരം ഉയർത്താൻ ഒൻപത് ക്വാളിറ്റി കണ്ട്രോൾ റീജിയണൽ ഓഫീസ് വിവിധ ജില്ലകളിൽ ഈ വർഷം തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അഞ്ച് വർഷം നീണ്ടുനിൽക്കുന്ന മെയിന്റനൻസ് സ്കീമിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. അതിന്റെ അടിസ്ഥാനത്തിൽ 50 കോടി രൂപയുടെ വികസന പദ്ധതി ആദ്യഘട്ടമെന്ന നിലയിൽ ശബരിമല റോഡ് വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. സിസ്റ്റർ അൽഫോൺസാമ്മ ജനിച്ചുവളർന്ന ഭരണങ്ങാനം, കുടമാളൂർ, മുട്ടുചിറ എന്നീ കേന്ദ്രങ്ങൾ ഉൾക്കൊള്ളുന്ന കോട്ടയം ജില്ലയ്ക്ക് ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആർ. ബി. ഡി. സി. (കെ)., കൺസ്ട്രക്ഷൻ കോർപ്പറേഷൻ എന്നിവയെ ശക്തിപ്പെടുത്തുന്നതാണ്. പി. ഡബ്ല്യു. ഡി. മാനുവൽ പരിഷ്ക്കരിക്കും. റസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണത്തിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കെ. എസ്. ഐ. ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ ഒഴിഞ്ഞുകിടന്ന തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു. കോൺട്രാക്ടർമാരുടെ കുടിശ്ശികയിനത്തിൽ 405 കോടി രൂപ റോഡ്സിനും

ബിൽഡിംഗ്സിൽ 43 കോടി രൂപയുമാണ് അവശേഷിക്കുന്നത്. ഇവിടെ എല്ലാ അംഗങ്ങളും ചൂണ്ടിക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അതിന്റേതായ ഗൗരവത്തോടെ കണ്ടുകൊണ്ട് പരിഹരിക്കുന്നതാണ്. കേരളത്തിന്റെ പൊതുനന്മയ്ക്ക് ഉപകരിക്കുന്ന വിധത്തിൽ റോഡ് വികസന രംഗത്ത് മുന്നോട്ടുപോകാനും അടിസ്ഥാന സാഹചര്യം മെച്ചപ്പെടുത്താനും ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും 27 നെതിരെ 73 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 5.17-ന് പിരിഞ്ഞു).